Forty two years ago, when I was 20, I entered Government of India service as a class one gazetted officer with two increments in my pay scale. My jubilant lawyer-grand father had given me a vivid picture of the perks of a gazetted officer and how I will have two peons for indulgent service. On my induction day I heard Dr.Homi Jehangir Bhabha who spoke of the culture of work, which included a peonless office. In my four decade long service with perfunctory promotions to higher grades I never had a peon for office work.

Forty two years later, I learnt that my home state Kerala has 169,000-odd peons and their strength is nearly the same as that of industrial workers. My curiosity was aroused and I researched to find out more about the professional profile of Kerala body social.

Kerala means many things to many Malayalees. Those stereotype models are pure products of imagination based on unalloyed subjectivity or produce of childhood indoctrination. History of the past 100 years is arguably transparent but historical perspectives are translucent. Given this dichotomy, an X-ray analysis of Kerala body social is a desideratum for designing, developing and deploying meaningful societal interventions. The endeavour is to get at the ground realities and hard facts divorced from romantic dreams and political caveats.

Mahabali when on his imaginary Kerala visitation needs a briefing of what Kerala today is and where it is heading in the years to come. That picture, although imperfect, has been synthesized by about 5000 peoples-scientists, putting in 20000 hours of labour of love. Their discoveries or non-discoveries are important enough but the societal discussion that it provokes is historic.

The prime mover of the study is KSSP (Kerala Sasthra Sahithya Parishat), which has made an indelible imprint in the development domain of Kerala. It all began with the publication of the book The Wealth of Kerala in 1976 setting free a chain reaction of thought about the wealth management of Kerala. That seminal work was followed up with the formation of Village Science Councils, Environmental and Energy interventions, Total Literacy campaigns, Resource Mapping and interventions in Decentralization of executive power. At a critical time in history when knowledge-the instrument of power and social contract- is being increasingly monopolized and commercialized the need for such a study can hardly be over emphasized.

Kerala catapulted into global limelight as a paradigm reversal in the abysmal poverty theory of India propounded by Prof. Dandekar. HDI of Kerala stood distinctly different from and higher than that of the rest of India. Despite low levels of income how could the Kerala

*The writer is a retired atomic scientist and is the Vice Chairman of the National Center for Science Communicators. He is the co-founder of the Peoples Science Movement in India in the mid 60s.The opinions expressed here are his own and do not necessarily reflect those of his organization. email drap.jayaraman@gmail.com*

achieve relatively high quality of life? The driving forces are the emphasis on equity and social justice coupled with social commitment.The study is an attempt to understand Kerala in the technical and scientific sense of understanding; that is to be familiar with and to be predictable. Familiarity and predictability are the twin objectives.

It is heartening to recall that more than 95% of Kearalites today live in their own houses thanks to the housing project initiated in the late seventies and accelerated in the late eighties. It is only less than 5% that is unhomed.

The per capita annual income of a Keralite is Rs 18603 including remittances from abroad. The highest income district is Thrissur and the lowest is Alappuzha. At least one person from 15.8 % of families is the source of external income. Malappuram tops the list with 29.3 % of families with foreign remittances. 78.4 % of external income is contributed by Gulf, 26.2% from other states and 9% from other countries. Blue-collar workers make up 51.9% of the human resources exported and their share of remittances is 38.3 % Professionals constitute only 12.6% of human resources but their contribution is 24.2%.

Based on money or the lack of it and the attendant purchasing capacity a new economic class system is discernible. 145 of the families are Extremely Poor, 32.2% are Poor, 43.2% are Low Middle and 10.6% are High middle. We do not have classical millionaires.

I walked through a narrow bylane in Palakkad town and I could count 6 fairly big Mixer repair shops in a row. If they could survive and they looked flourishing the Mixer population of Kerala must be high. And is so. Kerala is a paradise of consumer products. One in three houses has a TV and refrigerator and more than half of the houses have mixers and cooking gas. Kerala stands above Indian average in all consumer products except bicycles. Consumption is found high in Ernakulam, Pathanamthitta, Thrissur, Thiruvananthapuram, Kottayam and Kollam. The lowest is in Palakkad.

An interesting and at once intriguing insight was obtained by what may be labeled as Crisis Management expenditure. The two fateful heads that gravitate a family to the debt trap are marriage and hospital expenses. A whopping figure of Rs 6767 crores is being spent on account of marriages annually. 67% goes under dowry 28% goes for ornaments. Scheduled tribes stand out with the least figures for both dowry and ornaments. No wonder the marketplace is conspicuous by jewellery shops, marriage halls and silk saree emporia.

The health care sector has another story to relate. In-patient treatment at one go is estimated at Rs 10,000. Projected total annual expense on in-patient hospitalization is Rs 2800 crores. The top five reasons for borrowing in order are marriage, house building, treatment, house repair and employment.

The profile of contemporary employment and livelihood of Kerala is revealing. Service sector engages 52.5 %. Agriculture still absorbs 28.6% of workers. There are 30 lakh people including 10.2 lakh farmers who eke out a living from the fields. The transition from agriculture to service sector has taken place in a generation. The top ten high employment fields are agricultural workers, farmers, shopkeepers, unskilled workers, traditional industrial workers drivers and helpers in shops. The seven top paying professions are doctors, industrialists, college lecturers, engineers, officers and managers. There are 19400 doctors with monthly income of Rs.22400. Engineers are four times in strength but their income is half of that of a doctor. The least paying jobs are domestic workers, washermen, nursery teacher, forest resource gatherer traditional industrial worker. Most of these are women workers.

Transport sector has 4.15 drivers and 2.5 autodrivers and 69000 conductors and yet the economy has not been driven at the desired speed in the right direction. Maybe there are too many in the driver's seat!

Another revealing feature of Kerala is its age structure of its population. Usually we are familiar with the pyramid structure with a wide base of young people and a tapering top with the aged ones decreasing progressively. Kerala presents a barrel structure with maximum width at the age group of 24-29. 70.25 % is in the age range of 15-64

and are certainly graying. But it is potential working force. The positive side of the picture is that it shows less dependents. Technically we have a low dependency ratio, both of the aged and the young ones.

Kerala is unique with its low dependency ratio. We are American in this model. Our ratio is 0.42 with 0.31 from the children side and 0.12 from the elderly side. This is in sharp contrast with the rest of India with 0.62, 0.54 and 0.08. With a little imagination applied we can find a lot of meaning in this and attribute significance to those numbers.. Japan comes close to this with 0.44,and Bangladesh with 0.72 has the highest burden. An analysis of the demography leads to the conclusion that this is a favourable factor for economic growth.

The Kerala Study conducted by KSSP is a unique enquiry to find out how Kerala lives and thinks today. It provides a glimpse of the poverty, inequality, income, life style, consumption trends, education and employment of the people of the state with a rationally structured objective methodology approaching academic rigour. Not to have read it is to miss the present moment of history of Kerala.

*Wishing All Malayalees a Very Happy & Prosperous Onam & with Best Compliments From*

WOODLANDS

**Woodlands Community Club Management Committee (CCMC)**

# ഗജരാജയോഗം

## അണിമ

ഉത്സവമെത്തിയിനിയാരവമുയർന്നിടും!
കത്തുന്ന വെയിലിൽ, മാറുന്ന
പകലിൽ
പിന്നിരുളിലുമാർത്തിരമ്പും
കാലവർഷത്തിലും
നീണ്ട കാതങ്ങൾ ബാക്കി
നിൽപ്പെങ്കിലും,
എന്നകതാരിൽ ഉത്സവമാർത്തിരമ്പി!
പണ്ടിതു പോലൊരുത്സവമത്രെ-
എൻ വരവിൻ കഥയെന്നു കേൾവി!
അന്നു തൊട്ടിതുവരെ - എത്ര നാൾ-
എത്രയും നിറമാർന്ന, പിന്നത്രയും
വർണ്ണമാർന്നെത്രയോ നാളുകൾ
ഉത്സവ നാളുകൾ - നിന്നു, ഞാൻ
കാഴ്ചയായ്, കൂടെയെൻ കൂട്ടരും....
മുത്തുക്കുടയും, വെൺചാമരവും..
പൊൻപ്രഭ തൂകുമലങ്കാരവും ...
അരുകിൽ നിരന്നിടും സഹജരും
ആർത്തിരമ്പീടും മാനുഷരും -
വാദ്യവും
മേളവും - എന്നുവേണ്ടോർക്കുകിൽ,
അകതാരിലുത്സവമായ്...
സാഹസികർ ചിലർ - ചില വിദ്യകൾ
കാട്ടിടും ഞങ്ങളോടെങ്കിലും,
ഞങ്ങളോ തീർത്തും നിസ്സംഗർ!
പ്രതികരിച്ചീടുക വയ്യ -
പിന്നവശേഷി-
ച്ചിടും പ്രഹരത്തെയോർത്തു പോം!!
ഇനിയുമുണ്ടെത്രയോ കഥകൾ !
എൻ മനതാരിലൂറുന്നു... എങ്കിലും,
ഇത്രമാത്രമറിയുക, ഒരിത്തിരി മാത്രം!
ഉത്സവക്കാഴ്ച്ചയ്ക്കു വാങ്ങിയതത്രെ!
എന്നെയും, എൻ കൂട്ടരേയും,
ഇരവും പകലും ഓർത്തിടാതങ്ങനെ
താണ്ടിടേണമൊട്ടുദൂരം - ഏതോ
ഉത്സവത്തിമർപ്പിലെത്തീടുവാൻ..
ആർത്തു പെയ്യും മഴയിൽ നനഞ്ഞും,
വെന്തുരുകും പകലിൽ തളർന്നും,
കൂരിരുട്ടിൻ വീഥിയിലിത്തിരി
ആർത്തി പൂണ്ടു മയങ്ങി നിവർന്നും,
നീട്ടി വെച്ചു ഞാനെൻ, ചങ്ങല
ചുറ്റിയ
കാലുകളെപ്പൊഴും - എത്ര നാൾ -
എത്രയോ നാളുകൾ - ഇല്ലാ,
രുമറിഞ്ഞില്ല.
ഒടുവിലാരോ മനസ്സലിഞ്ഞോതി
“ഇവർ മിണ്ടാ പ്രാണികൾ, ഇവരെ
നടത്തരുതിങ്ങനെ” പിന്നിവർക്കായ്,
നൽകുക പ്രത്യേക വാഹനം!
ഉത്സവമെത്തി ! പോയിടട്ടെ ഞാൻ,
ഇനിയും, എത്രയോ കഥകൾ,
എൻ മനതാരിലൂറുന്നു...എങ്കിലും,
ഇത്രമാത്രമറിയുക! ഇത്ര മാത്രം!



# Onam Greetings

Mr & Mrs Sunny Verghese
Mr & Mrs MM Dollah & Family
Mr & Mrs PK Koshy
Mr PK Menon & Mrs Rajeswari Menon & Family
Ms Urmila, Mrs Uma & Mr Ullas Kumar
Mr & Mrs LF Lloyd
Dr & Mrs Jothi Kumar & Family
Mr & Mrs Justin Lloyd Fernandez
Mr Leslie & Mrs Lucy Netto
Mr & Mrs ST Vikraman Nair & Family
Mr & Mrs Raman Menon & Family
Mr & Mrs PM Menon & Family
Dr VP Nair, Dr Sathy Nair, Dr Dinesh Nair & Mr Rajesh Nair
Ms. Geetha, Mr Muralee & Mrs Sarojini Chandran
Mr & Mrs Stephen Samuel
Mr & Mrs Rajan Menon
Mr Sudheeran, Mrs Sudha & Ms Shalina
Mr Sunil Nair, Mrs Lathika Nair, Ms Varsha, & Mr Amish
Mr & Mrs M. Sreenivasan & Family
Mr Venugopal, Mrs Sujatha and Mr Rakesh
Mr Jayakumar, Mrs Pia Kumar, Ms Gauwri and Ms Lakshmi
Mr Indu Kumar, Ms Preetha Sudhakaran & Family
Mr & Mrs TV George & Family
Mr & Mrs Fami AR and Family
Mr & Mrs ABC Abdulla & Family
Mr Suresh Karunan & Family
Mr & Mrs Badarudeen M.
Mr S. Radhakrishnan
Mr & Mrs Ajayan Ramachandran & Family
Mr K Vasu, Mrs Leela & Family
Mr & Mrs KJ Nair

# തീയിലെരിയുന്ന പുസ്തകങ്ങൾ

## അഷ്ടമൂർത്തി

മേയ് 29ലെ ഹിന്ദു പത്രത്തിൽ ഒരു വാർത്തയുണ്ട്. അമേരിക്കയിലെ കൻസാസ് സിറ്റിയിൽ നിന്നാണ്. ടോം വെയ്ൻ എന്ന ഒരു പുസ്തകക്കച്ചവടക്കാരൻ ആയിരക്കണക്കിനു പുസ്തകങ്ങൾ തീയിട്ടെരിച്ചിരിയ്ക്കുന്നു.

വെയ്ൻ പത്തു വർഷമായി 'ഉപയോഗിച്ച' പുസ്തകങ്ങളുടെ കച്ചവടക്കാരനാണ്. പ്രോസ്പെരോസ് ബുക്സ് എന്നാണ് കടയുടെ പേര്. കടയിൽ വിൽക്കാതെ ബാക്കി വന്ന ബെസ്റ്റ് സെല്ലറുകളടക്കമുള്ള പുസ്തകങ്ങളാണ് ചുട്ടു കളഞ്ഞത്. ഈ കടുംകയ്യിനു പകരം വല്ലവർക്കും സംഭാവന കൊടുക്കാൻ അയാൾ ശ്രമിച്ചതാണ്. പക്ഷേ വായനശാലകൾ പോലും അവ ഏറ്റുവാങ്ങിയില്ല. സൂക്ഷിയ്ക്കാൻ വേണ്ടത്ര സ്ഥലം ഇല്ല എന്നായിരുന്നു കാരണം പറഞ്ഞത്.

'ഇന്നത്തെ അമേരിക്കൻ ചിന്തയുടെ ചിത' എന്നാണ് അയാൾ അതിനെ വിശേഷിപ്പിച്ചത്. കൻസാസ് സിറ്റി ഫയർ ഡിപ്പാർട്മെന്റിൽ നിന്ന് തീ കെടുത്താൻ എത്തും മുമ്പ് അത് അമ്പതു മിനിട്ടോളം നിന്നു കത്തി.



ഈയിടെയായി പുസ്തകങ്ങൾക്ക് ആവശ്യക്കാർ കുറഞ്ഞു കുറഞ്ഞു വരുന്നു എന്നാണ് ടോം വെയ്ൻ പറയുന്നത്. വിവരങ്ങൾക്കും വിനോദത്തിനും വേണ്ടി ആളുകൾ ഇന്റർനെറ്റിനേയും ടെലിവിഷനേയും കൂടുതൽക്കൂടുതൽ ആശ്രയിയ്ക്കുന്നതു കൊണ്ടാണ് ഇത് എന്നും അയാൾ പറയുന്നു. വീടുകളിൽ ഇപ്പോൾ അഞ്ചു ടിവിയും മൂന്നു പുസ്തക ങ്ങളും എന്ന അനുപാതമായിട്ടുത്രേ. രസത്തിനു വേ ണ്ടി പുസ്തകം വായിയ്ക്കുന്നവർ 1982ൽ 57% ഉണ്ടായിരുന്നത് 2002ൽ പകുതിയിലും താഴെപ്പോയിപോൽ. പഴയ പുസ്തകക്കടകളുടെ എണ്ണവും കുറഞ്ഞുവരികയാണ്.

കുറച്ചു ഭാഗ്യവാന്മാർ ഏതായാലും ഉണ്ടായി. വെയ്ൻ തീ കൊളുത്തുന്നതിനു നിമിഷങ്ങൾക്കു മുമ്പ് വെറും പത്തു ഡോളറിന് കുട്ടികൾക്കുള്ള വൻസാഹിത്യശേഖരം സമ്പാദിച്ച മൈക്ക് ബെക്ടെൽ ഒരുദാഹരണം. വെയ്ന്റെ നടപടി പുസ്തകം വായിയ്ക്കാത്തവർക്കെതിരെയുള്ള പ്രതിഷേധമാണ് എന്ന് അയാൾ പറഞ്ഞു. പുസ്തകം വായിയ്ക്കാതിരിയ്ക്കുന്നത് അത് കത്തിച്ചുകളയുന്നതിനു തുല്യമാണ് എന്നും.

(അതു പറഞ്ഞപ്പോഴാണ്. നമ്മുടെ നാട്ടിൽ പുസ്തകങ്ങൾ കത്തിയ്ക്കുന്നത് ഒരു കാലത്ത് കെ. എസ്. യു.ക്കാരുടെ കുത്തകയായിരുന്നു. ജനശ്രദ്ധ ആകർഷിയ്ക്കണമെങ്കിൽ പുസ്തകം കത്തിച്ചേ തീരൂ എന്നു വന്നിരുന്നു. എഴുത്തുകാർ തന്നെ ആഗ്രഹിച്ചിരുന്നു, എന്റെ പുസ്തകം ആരെങ്കിലും ഒന്നു കത്തിച്ചു തന്നെങ്കിൽ എന്ന്!)

മലയാളത്തിൽ ഇന്ന് നൂറു കണക്കിനു പുസ്തകങ്ങൾ ഇറങ്ങുന്നുണ്ട്. പ്രസാധകരുടെ എണ്ണവും കൂടിയിട്ടുണ്ട്. പുസ്തകശാലയുടേയും കഥ അതു തന്നെ. പലയിടത്തായി പുസ്തകമേളകൾ കൊല്ലത്തിൽ പല തവണ നടക്കുന്നു, അവി

ടെയൊക്കെ നല്ല ആൾക്കൂട്ട വുമുണ്ട്. എന്നിട്ടും പുസ്തകം മരിയ്ക്കുന്നു എന്ന മുദ്രാവാക്യം മുഴങ്ങിക്കേൾക്കുന്നു.

പ്രസാധകരോടു ചോദിച്ചാലോ? പുസ്തകങ്ങൾ ചെലവാകുന്നുണ്ട്. പക്ഷേ അധികവും സാങ്കേതിക ഗ്രന്ഥങ്ങളാണ്. പട്ടികയിൽ അടുത്തത് സീസണനുസരിച്ച് ഇറക്കുന്ന രാമായണം പോലുള്ള പുസ്തകങ്ങളാണ്. (വാല്മീകിയ്ക്കും വ്യാസനും എഴുത്തശ്ശനുമൊക്കെയാണ് ഇന്നും കൂടുതൽ വായനക്കാർ എന്ന് ഒരിയ്ക്കൽ കിളിരൂർ രാധാകൃഷ്ണൻ പറഞ്ഞത് ഓർമ്മ വരുന്നു. വായനക്കാർക്ക് അവരെ മാത്രമേ വിശ്വാസമുള്ളുവത്രേ!)

വായനയുടെ കാര്യത്തിൽ രണ്ടു ഒഴികഴിവുകളാണ് നമ്മൾ പറയുക: ഒന്ന് - സമയം ഇല്ല. രണ്ട് - പുസ്തകത്തിന്റെ വില. രണ്ടും നമുക്കു പരിശോധിച്ചു നോക്കേണ്ടതാണ്. സമയത്തിന്റെ ഭൂരിഭാഗവും അപഹരിച്ച ടി വി തന്നെ പ്രധാന വില്ലൻ. സ്വീകരണമുറിയിൽ അവൻ വെളിച്ചവും ശബ്ദവും ചൊരിയുമ്പോൾ സ്വസ്ഥമായിരുന്ന് വായിയ്ക്കാനുള്ള അന്തരീക്ഷം നഷ്ടപ്പെടുന്നു. എന്നാലും വായിച്ചേ തീരൂ എന്നുള്ളവർക്ക് അതു തടസ്സമാവാൻ വയ്യ.

ഇനി വിലയുടെ കാര്യം. മറ്റുള്ളവയുടെ വില നോക്കുമ്പോൾ പുസ്തകത്തിന് സാനുപാതമല്ലാതെ കൂടിയിട്ടുണ്ടോ. ഒരുദാഹരണം എടുക്കാം. 1964ൽ കുഞ്ഞുക്കുട്ടൻ തമ്പുരാന്റെ ഭാഷാഭാരതത്തിന് പ്രീ പബ്ളിക്കേഷൻ വില 50 രൂപയായിരുന്നു. ഒരു സർക്കാർ ഗുമസ്തന്റെ ശരാശരി ശമ്പളം 125 രൂപയായിരുന്ന കാലത്താണ് അത്. അപ്പോൾ ശമ്പളത്തിന്റെ 40%. ഇന്ന് വീണ്ടും അതിന്റെ പതിപ്പിറങ്ങുമ്പോൾ പ്രീ പബ്ളിക്കേഷൻ വില 1750 രൂപ. ഗുമസ്തന്റെ ശരാശരി ശമ്പളമോ? 5,200 രൂപ. അതു ശമ്പളത്തിന്റെ ഏകദേശം 34 ശതമാനമേ വരുന്നുള്ളു. അപ്പോൾ പുസ്തകത്തിന്റെ വില കൂടിയോ, കുറഞ്ഞുവോ? (കുട്ടികൾക്കു എന്തെങ്കിലും സമ്മാനം വാങ്ങിക്കൊടുക്കാൻ വേണ്ടി ചെലവാക്കിയ സംഖ്യയുടെ പകുതി വന്നില്ല എന്റെ ഒരു കൂട്ടുകാരന് അത്യാവശ്യമുള്ള കുറച്ചു പുസ്തകം വാങ്ങാൻ. പുസ്തകത്തിനു വില കൂടിയെന്നു പറയുന്നതിൽ വലിയ കാര്യമില്ലെന്ന് അന്ന് അയാൾ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.)

അപ്പോൾ വായനയിൽ നിന്നുള്ള അകന്നുപോക്ക് സംസ്കാരത്തിന്റെ വ്യതിയാനമാണ് എന്നു തന്നെ അനുമാനിയ്ക്കണം. ഒരു കാലത്ത് കാംപസിൽ താരങ്ങളായി വാണ എഴുത്തുകാരെ ഇന്നവിടെ ആരും അറിയുകപോലുമില്ലല്ലോ. (എന്തെങ്കിലും വായിയ്ക്കുന്നവരായി ഇരുപതു വയസ്സിനു താഴെയുള്ള ആരെയെങ്കിലും ഒന്നു കാണിച്ചുതരാമോ എന്ന് ചിത്രകലാനിരൂപകൻ വിജയകുമാർ മേനോൻ ഒരിയ്ക്കൽ ചോദിച്ചിരുന്നു. അത് ഒരു വെല്ലുവിളിയെന്ന നിലയ്ക്കായിരുന്നില്ല, സങ്കടം കൊണ്ടായിരുന്നു.) ജീവിതത്തിന്റെ മുൻഗണനകൾ മാറുന്നതാവാം കാരണം. എൻട്രൻസിന്റെ കടമ്പകൾ മുന്നിൽ വഴിനീളെ നിരക്കുമ്പോൾ അതുമായി ബന്ധപ്പെട്ട വായനയ്ക്കല്ലാതെ എന്തു പ്രസക്തി?

നമ്മുടെ ജീവിതം കൂടുതൽ വിനോദ പ്രദമാവുന്നു എന്നതാണ് മറ്റൊരു പ്രധാന കാരണം. ടി വിയുടെ അതിവിനോദവിതരണം ഏറ്റവും കൂടുതൽ ബാധിച്ചത് കോട്ടയം വാരികകളെയാണ്. കസേരയിൽ ചാഞ്ഞുകിടന്ന് സിനിമ കാണുകയോ പാട്ടു കേൾക്കുകയോ ചെയ്യുന്നതു പോലെ എളുപ്പമല്ലല്ലോ പുസ്തകം കയ്യിലെടുത്തു വായിയ്ക്കുന്നത്. അതിനു തക്ക വണ്ണം ഇലക്ട്രോണിക് ഉപകരണങ്ങളുടെ വില വല്ലാതെ കുറഞ്ഞുകൊണ്ടിരിയ്ക്കുകയും ചെയ്യുന്നു. അത് എല്ലാവർക്കും എത്തിപ്പിടിയ്ക്കാവുന്ന നിലവാരത്തിൽ എത്തിയിരിയ്ക്കുന്നു. വഴിവക്കിൽ കൂട്ടിയിട്ടിരിയ്ക്കുന്ന സി. ഡി.കൾക്കു മുമ്പിൽ നിൽക്കുന്ന ആളുകളെ നോക്കിയാൽ മനസ്സിലാവും അവ എത്ര താഴേക്കിടയിലുള്ളവർക്കുകൂടി പ്രാപ്യമായിരിയ്ക്കുന്നു എന്ന്. (ഇവിടെ ഇക്കാര്യത്തിലെങ്കിലും സോഷ്യലിസം നടപ്പിലായിക്കഴിഞ്ഞിരിയ്ക്കുന്നു!)

ടോം വെയ്ന് പുസ്തകം എരിച്ചുകളയാൻ ലൈസൻസ് ഉണ്ടായിരുന്നില്ലത്രേ. അതാണ് കൻസാസ് സിറ്റിയിലെ ഫയർ ഡിപ്പാർട്മെന്റിൽ നിന്ന് തീ കെടുത്താൻ ആളെത്തിയത്. അടുത്ത തവണ ലൈസൻസോടെ പുസ്തകം കത്തിച്ചുകളയാനു ള്ള തയ്യാറെടുപ്പിലാണ് അയാൾ. ഇരുപതിനായിരത്തോളം വരുന്ന സ്റ്റോക്ക് പൂർണമായി കത്തിച്ചുതീർക്കാൻ എല്ലാ മാസവും ചിട്ടയോടെ ചിതയെരിയ്ക്കും.

ഈ ചിത ലോകമെമ്പാടും കത്തിപ്പടരുമോ ആവോ. ഇപ്പോൾത്തന്നെ പുസ്തകങ്ങൾ പലതും സി.ഡി.യുടെ രൂപത്തിലായിക്കഴിഞ്ഞു. ലോകം ഇലക്ട്രോണിക് മാധ്യമത്തിനു കീഴടങ്ങുമ്പോൾ, പുസ്തകത്തിന് ആവശ്യക്കാരില്ലാതെ വരുമ്പോൾ, സൂക്ഷിയ്ക്കാൻ സ്ഥലം മതിയാവാതെ വരുമ്പോൾ, അങ്ങനെ ആശങ്കപ്പെടാതിരിയ്ക്കാൻ വയ്യ.

പ്രളയം വരുംമുമ്പ് ഒരുപക്ഷേ ഭൂമിയിലെ എല്ലാ പുസ്തകങ്ങളും കത്തിച്ചുതീരുമായിരിയ്ക്കാം! വെള്ളമിറങ്ങി എന്ന സന്ദേശവുമായി പ്രാവ് ഇനി കൊക്കിലെടുക്കുക ഒരുപക്ഷേ ചേറുപറ്റിയ ഒരു സി.ഡി.യായിരിയ്ക്കാം!

# LIFESTYLE DISEASES AND THEIR MANAGEMENT- AYURVEDIC PERSPECTIVE

Dr. R. Indusekhar BAMS
info@ayurpharm.net

THE CONCEPT OF HEALTH

The WHO defines 'Health' as 'a state of complete physical, mental and social well-being and not merely the absence of disease.' Wellness' refers to the quality of life and it begins with a conscious decision to shape a healthy lifestyle.' Disease is the alteration in the state of the body or some of its organs, interrupting or disturbing the performance of vital functions and causing or threatening pain or weakness.

LIFESTYLE AND HEALTH

Lifestyle is the pattern of daily life of an individual and it varies depending on geographic, racial, cultural, environmental and age factors. Lifestyle determines health. The risk factors responsible for disease are:
1. Environmental
2. Genetic &
3. Lifestyle

LIFESTYLE DISEASES

Lifestyle diseases result from 'a less than healthy lifestyle'. They are otherwise known as 'Diseases of longevity' or 'Diseases of civilization', since they appear to increase in frequency as countries become more industrialized and people live longer. The commonly encountered lifestyle diseases are:
1. Atherosclerosis - clogging of arteries
2. Alzheimer's disease
3. Cancer
4. Type2 Diabetes mellitus
5. Heart disease
6. Chronic liver disease
7. Osteoporosis
8. Stroke
9. Obesity
10. Depression
11. Autoimmune disease

CAUSES OF LIFESTYLE DISEASES

Lifestyle diseases are caused by factors in:
1. Diet
2. Lifestyle
3. Environment

More common of these are the diseases of affluence like Type2 Diabetes mellitus, coronary heart disease, cardiovascular disease, peripheral vascular disease, obesity, certain

cancers, autoimmune disease, asthma, alcoholism and some psychiatric illnesses.

The possible causes of these diseases are paradoxically those things that people would regard as improvements in life. They include:
- Increased use of the car
- Lack of strenuous physical exercise
- Easy accessibility to low-cost processed food
- Increased leisure time
- Prolonged periods of physical inactivity
- Increased use of tobacco and alcohol
- Longer life span

NUTRITION-RELATED LIFESTYLE DISEASES

Our bodies are made up of what we eat and drink and typically consist of 63 per cent water, 22 per cent protein,13 per cent fat and 2 per cent vitamins and minerals.
What we eat directly affects our health, well-being and vitality and our ability to fight disease. Optimal nutrition is the key critical success factor in creating and maintaining a healthy body and mind.

Ideally, our diet should include about 65 per cent carbohydrate,15 per cent protein and 20 per cent fat. The typical modern diet includes processed foods, fried foods and food rich in saturated fat and high in sugar content, but includes less or no fruit and vegetable. This will provide about 28 per cent carbohydrate, 12 per cent protein, 40 per cent fat and 20 per cent sugar. The slow building up of fat and sugar in the body that result from such diet has given rise to a whole range of new lifestyle diseases that were not known over 100 years ago.

STATISTICAL REPORTS RELATED TO LIFESTYLE DISEASES

Based on recent statistical findings it can be seen that lifestyle diseases can endanger healthy living to an alarming extent. It is estimated that chronic lifestyle diseases will kill 270 million Asians over the next decade. According to WHO studies, 2.6 million deaths per year are due to overweight and obesity, 4.4 millions deaths due to high blood cholesterol and 7.1 million due to high blood pressure. The AIIMS study reports have proven lifestyle diseases to be the number one killer in India.
The most important causes for lifestyle diseases according to these studies are:
1. Increasing consumption of tobacco
2. Dietary consumption of more saturated fats
3. Lack of physical activity
4. Inadequacy of stress-coping mechanisms

WHO reports that 22 per cent of cardiovascular diseases in China begins in those aged 35 to 64 years, compared to only 12 per cent in the U.S.
52 per cent of deaths due to cardiovascular disease occur in those below 70 years of age in India, compared to only 23 per cent in Europe.

PREVENTION IS BETTER THAN CURE

Most of the lifestyle diseases are chronic and cause irreversible tissue alterations or damage to organs or systems. Therapeutic management will have to be done life-long once the diagnosis is established. Ultimately, lifestyle diseases adversely affect economy and productivity. Therefore primary prevention needs to be stressed. Some of the important steps for prevention of lifestyle diseases are:
- Diet modifications
- Monitoring body weight, blood sugar, blood cholesterol and blood pressure at regular intervals
- Regular exercise and activity
- Stress management
- Abstinence from tobacco, alcohol and drug abuse.

AYURVEDIC WAY OF HEALTHY LIVING

Ayurveda represents the ideal way of living. It includes healthy eating, timely activity and adequate relaxation for the body and the mind. Some of the highlights of healthy living:
1. Only two meals a day
2. Eat fresh food. Avoid re-cooked food and incompatible food combinations

3. Avoid remaining in the same posture [standing, sitting or lying down] for a long time.
4. Exercise regularly
5. Use sour, salty ,sweet and spicy food with moderation
6. Observe personal hygiene. Have an oil massage and bath daily
7. Abstain from addictions
8. Abstain from extreme emotions
9. Practice virtuosity
10. Never suppress or activate natural urges.

Diet and regimen should be changed to help the body adapt itself to seasonal variations as well.

IMPORTANCE OF CLEANSING [PANCHAKARMA]

Ayurvedic cleansing is an effective way of relieving the body from the adversities likely to be caused by improper food and practices.Panchakarma procedures have positive effects on metabolism and help the proper functioning of digestive, endocrine and nervous systems. Regular cleansing will help in prevention of metabolic disorders like diabetes, high cholesterol, obesity, atherosclerosis and asthma.

YOGA FOR HEALTH

Yoga is an alternative method which produces physical and mental well-being and brings about positive personality development. Yogic exercises and breathing exercises strengthen the heart and respiratory system. Moreover, it creates a high sense of self-discipline which helps one to stick to healthy practices and refrain from the harmful ones.

VEGETARIAN DIET

The normal Ayurvedic diet is not a strict vegetarian diet. For certain conditions, meat is contraindicated; Otherwise it is mentioned as part of the Indian diet. It is the quantity, processing [way of cooking] and preservation that determines whether meat will yield healthy effects or undesirable effects on the body.

LIVING WITH STRESS

The stress of modern life cannot be totally eliminated, rather toning up our mind and body to withstand the deleterious effects of stress is the practicable way to combat it. According to Ayurveda, the day of a man should start quite earlier to sunrise. Activities like meditation and prayers are included in the daily chores for spiritual development.

INTEGRATED APPROACH TOWARDS MANAGEMENT OF LIFESTYLE DISEASES

For prevention of lifestyle diseases, we can adopt a lifestyle similar to that mentioned in Ayurveda. Since we are persistently surrounded by environmental risk factors, periodical monitoring of disease markers using modern techniques is highly advisable as it helps to detect any ongoing or developing pathological changes in the body. For already diagnosed life style diseases, medical management together with all the preventive measures including lifestyle modification should be the ideal intervention.

'Prakshalanadi pankasya dooradasparsanam varam' (Vaidyakeeya Subhashitham) - avoiding all contact with dirt is always better than washing or cleaning after you step on it. So, be aware of everything around you that will possibly disrupt your healthy living.

# OCCASIONAL LIBERATION

***Biju Sukumaran***

They tell me,
step back and look at yourself.
"warts and all"
And so I do..

And fall of the cliff, so whimperishly.
No dopplered dying calls,
or cynical rocks smirking at the screams.
I scratch, bite and tear the air
that stitches itself back in great leisure.

Volcanic eruptions of panic,
vacuumed away by resignation..

Suddenly the mind asks me scornfully:
"hehe, where to fall to?",
"hehe, even, where to fall from?".
As if the earth suddenly vapourised,
and the sun wouldn't care less.
As if the milky way drained out,
and the universe didn't notice.
As if the universe vanished,
and there was nobody to notice.
But the thought still sputters..

All the cubic kilometers of emptiness,
and then the cubic light-years of emptiness..
Emptiness, resting inside emptiness,
emptiness being truth, emptiness being lies, emptiness being
everything, emptiness being nothing.
Emptiness devouring emptiness, and
nourishing its emptiness.

I am the river searching for its water in the oceans.
I am the flower searching for its fragrance in perfume bottles.
I must be the mind searching for my thought-springs.

# കാനേഷുമാരി

## അനിയൻ

എന്നാൽ സൂതരേ, മാഗധരേ, എന്റെ കൂട്ടരേ, നമുക്കിനി കോമളവർമ്മന്റേയും അദ്ദേഹത്തിന്റെ ധർമ്മദാരങ്ങളായ രാജ്ഞി അഖിലയുടേയും കഥ പ്രോത്ഗീതമായി പാടാം.

ഉത്തരത്തിന്മേലിരുന്ന പല്ലി ഈശാനകോണി ലേക്ക് തിരിഞ്ഞിരുന്ന് ഔപചാരികമായി മൂന്നു വട്ടം ചിലച്ചു; ഒപ്പം ഒരു കൃഷ്ണപക്ഷ ക്കിളിയും.

സ്യാനന്ദൂരപുരത്തെ രാജാവായിരുന്നു കോമളവർമ്മൻ. ധർമ്മിഷ്ഠൻ, പ്രജാവത്സലൻ... ധർമ്മമർമ്മങ്ങൾ സാംഗോപാംഗം ധരിച്ചവൻ. ഏകപത്നീവ്രതക്കാരൻ. നെയമപ്രകാരം നാലു വേളിവരെയാകാം, ധർമ്മവേളികളും നേരമ്പോക്കുകളുമായി ലിസ്റ്റ് എത്രവേണമെങ്കിലും നീട്ടാം. ആരും ചോദിക്കില്യ. ഇങ്ങിനെയൊക്കെയായിട്ടും, രാജാവ് ധർമ്മദാരങ്ങളായി രാജ്ഞി അഖിലയെ മാത്രമേ പരിണയിച്ചുള്ളു എന്ന വസ്തുത ചരിത്രകാരന്മാർ അടിവരയിട്ടുതന്നെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

ചരിത്രകാരന്മാർ രേഖപ്പെടുത്തിയ വേറൊന്നു കൂടിയുണ്ട്. സ്നേഹം, ആർത്തി, കാമം, ലോഭം മുതലായ മൃദുലവികാരങ്ങൾ കൊണ്ടു തീർത്തൊരു മന്മഥശരം പോലെയായിരുന്നത്രെ കോമളവർമ്മൻ. ആ അമ്പ് തറച്ചുനിന്നത് രാജ്ഞി അഖിലയിൽ തന്നെയും. ആയമ്മയാകട്ടെ, അത് നല്ലപോലെ ഉപയോഗിക്കുന്നതിൽ ബിരുദാനന്തര ബിരുദധാരിണിയും! സ്ത്രീലിംഗ രൂപിണിയായ തിരുവായ്ക്ക് എതിർവായ് അന്ന് ആ നാട്ടിലുണ്ടായിരുന്നില്ല. എന്തിനധികം? ഹൈക്കമാണ്ടിനെ സംബന്ധിച്ച എല്ലാ ഫയലുകളും ആയമ്മ തന്നെയാണ് പരിശോധിച്ചിരുന്നത്, ഫയലുകൾ ഒപ്പിടാൻ വേണ്ടി മാത്രമേ പ്രൈം രാജാവിന്റെ പക്കൽ പോയിരുന്നുള്ളു എന്നൊരു ശകാരം അക്കാലത്തിറങ്ങിയ ചാക്യാർ കൂത്തുകളിൽ എമ്പാടും കണ്ടിരുന്നു. "താടീള്ളപ്പനേ പേടീള്ളു" എന്ന മുദ്രാവാക്യം കേരളക്ഷേത്രത്തിൽ പിറക്കുന്നതിന് മുമ്പായിരിക്കണം കോമളവർമ്മൻ സ്യാനന്ദൂരപുരം ഭരിച്ചിരുന്നത്. പഴഞ്ചൊല്ലിൽ പതിര് പാടില്ലല്ലോ.

രാജ്ഞി അഖിലക്ക് കോമളവർമ്മനിലുള്ള സ്വാധീനത്തെ ഉദാഹരിക്കുന്നതിനായി ചരിത്ര കാരന്മാർ ഈ സംഭവകഥ രേഖപ്പെടുത്തിയതായി കാണുന്നു.

ഒരു സായന്തനത്തിൽ രാജാവ് കൊട്ടാരത്തിന്റെ മട്ടുപ്പാവിലിരുന്ന് കാറ്റു കൊള്ളുകയായിരുന്നു. സമീപത്ത് വെച്ചിരുന്ന കാസറ്റ്പ്ലെയറിൽ നിന്നും പാട്ടുകൾ ശ്രവിച്ച് മനോരാജ്യങ്ങളിൽ മുഴുകി കുറച്ചു സമയം ഏകാന്തതയുടെ അപാരതീരങ്ങളിൽ ചില വാക്കുക... അത് അദ്ദേഹത്തിന് ഇഷ്ടപ്പെട്ട ഒരു വിനോദചര്യയായിരുന്നു.

"ബലികുടീരങ്ങളേ..." കാസറ്റ്പ്ലെയറിൽനിന്നും വന്നിരുന്ന മനോഹരമായ കെപിഎസി ഗാനം കേട്ട് രാജാവ് സ്മരണപുളകങ്ങളുടെ സിന്ദൂരമാലയണിഞ്ഞ് ഇരുന്നു. ഓഎൻവി ത്യാഗരാജസ്വാമികൾ തന്റെ പ്രപിതാമഹൻ മഹാബലിയെ പ്രകീർത്തിച്ചുകൊണ്ട് എഴുതിയ കീർത്തനമാണ്. ഒരുപക്ഷേ, മുഗൾ ബാദ്ഷാ ഷാജഹാനെപോലെ, കുടീരങ്ങൾ പടുത്തുയർത്തുന്നതിൽ ഇദ്ദേഹവും പ്രഗത്ഭനായിരുന്നിരിക്കണം. അല്ലെങ്കിൽ, കെപിഎസി ഇങ്ങനെയൊരു ഗാനമെഴുതേണ്ട കാര്യമില്ലല്ലോ.

ഇത്തരുണത്തിലാണ് രാജ്ഞി അഖില മാനത്തെ മട്ടുപ്പാവിൽ താരകാനാരിമാരോട് സല്ലപിക്കാനെന്ന വ്യാജേന അവിടെ എത്തിച്ചേരുന്നത്. നീരസം മുഖത്ത് പ്രകടം, പോരാത്തതിന് ക്രോധത്തിന്റെ സിംബലായി മുടിയും അഴിച്ചിട്ടിരുന്നു. അവർ അഴിഞ്ഞ വാർകൂന്തലമൊന്നൊതുക്കി, ജ്വലിച്ച കൺകൊണ്ടൊരു നോക്കുനോക്കി പാർശ്വസ്ഥനായ പതിയോട് ഈ വിധം ഉരചെയ്തു.

എന്ത് തോന്ന്യാസാ ഈ കാണിക്കണ്?

എന്താ പ്രിയേ? നമ്മുടെ പൂർവ്വികൻെറ അപദാനകീർത്തി തോന്ന്യാസമോ?

വേണ്ട! വിതക്കുന്ന വയലിന് പിറ്റേദിവസം തന്നെ തീറാധാരം സംഘടിപ്പിക്കണോരടെ പൈങ്കിളിപ്പാട്ടാണ് ഇതെന്ന് അറിഞ്ഞുകൂടേ നിങ്ങൾക്ക്? നിർത്തൂ! അതൊരു ആജ്ഞയായിരുന്നു.

ടപ്പ്! കോമളവർമ്മൻെറ കൈവിരൽ സ്റ്റോപ്പ് ബട്ടണിൽ അമർന്നു.

പോര! ഇനി ഈ പക്ഷത്തിൻെറ കീർത്തി പാടുന്ന പാട്ടു വെക്കൂ! രാജ്ഞി തൻെറ വലത് ചുമൽ തൊട്ടുകൊണ്ട് ആജ്ഞാപിച്ചു.

ബാലകൃഷ്ണേട്ടൻ എന്ന സിനിമയിൽ പിള്ളച്ചേട്ടൻ പാടിയ പാട്ടോ?

അഖില തല കുലുക്കി സമ്മതം നൽകി.

ഗത്യന്തരമില്ലാതെ കോമളവർമ്മൻ കാസറ്റു മാറ്റി. അടുത്ത നിമിഷം ഈ പാട്ട് മട്ടുപ്പാവിലുയർന്നു.

"ദേവലോകരഥവുമായ് തെന്നലേ... തെന്നലേ... തെന്നലേ..."

ആദ്യത്തെ വരിയിൽ നിന്നും പാട്ടു മുന്നോട്ടുപോവരുത്! രാജ്ഞി ആജ്ഞാപനത്തോടെ ഭൂമി ചവിട്ടിമെതിച്ച് അവിടെനിന്നും ഇറങ്ങി നടന്നു.

എന്നും കോമളവർമ്മൻ ആത്മാർത്ഥമായി പ്രാർത്ഥിക്കും... എൻെറ ഭഗവതീ! എൻെറ പ്രാണപ്രേയസിയിൽ ഇന്ന് വികടബുദ്ധിയൊന്നും ഉദിക്കൊല്ലേ!

പക്ഷേങ്കില് ഭഗവതിക്ക് എന്നും ഈ കാവൽ പരിപാടി സാധിക്കുമോ? പറ്റത്തില്ല, അതാണ് കാര്യം. അങ്ങിനെയൊരു ദിവസം രാജ്ഞി അഖില തൻെറ ഇംഗിതം കണവനെ അറിയിച്ചു.

ദോക്കൂ... കൊറേ ദിവസായി ഞാൻ നിരീക്കുണൂ... പറ്റില്യാന്ന് പറേര്ത്... മുൻകൂർ ജാമ്യം എഴുതി കച്ചീട്ടാക്കി ഒപ്പിട്ടു വാങ്ങിയശേഷം ശ്രീമതി തുടർന്നു. എനിക്ക് വെണ്ണകൊണ്ടൊരു കൊട്ടാരം ഉണ്ടാക്കിത്തരണം!

വെണ്ണയോ?! ഭവതിക്ക് തെറ്റു പറ്റിയതായിരിക്കും. "വെണ്ണിലാവാൽ മെഴുകിമിനുക്കിയ വെണ്ണക്കല്ലിൻ കൊട്ടാരം" എന്നാണ് മൂലശ്ലോകം. സ്ലിപ് ഓഫ് ദ ടങ്... വെണ്ണക്കൽ കൊട്ടാരം, അല്ലേ?

സ്ലിപ്പും സ്കൂപ്പും ഒന്വല്ല... ഞാൻ നിരീച്ച തന്നെയാണ് പറഞ്ഞത്.

വെണ്ണകൊണ്ട് കൊട്ടാരമോ?! രാജാവ് അത്ഭുതപ്പെട്ടു. (ആത്മഗതം) ഈ സിനിമാഗാന രചയിതാക്കൾ വരുത്തിവെക്കണ വിന നോക്കൂ! എവമ്മാരെ കയ്യിൽ കിട്ട്യാൽ ഞാൻ!! (പ്രകാശം) പ്രിയേ... ഇതു സാദ്ധ്യമാണോ? ഇങ്ങനെയൊന്നു കേട്ടിട്ടുപോലുമില്ലല്ലോ!

ഇതന്ന്യാ ഞാൻ ആദ്യം പറഞ്ഞത്. രാജ്ഞി ചീറി. മനസ്സില്യാച്ചാ അത് പറഞ്ഞാ മതി. മൂക്കുചീറ്റി ചേലകൊണ്ട് തുടച്ച്, പിടക്കുന്ന കണ്ണിമകളോടെ ഒന്ന് കോൺ തിരിഞ്ഞിരുന്ന് അവർ ചിണുങ്ങി. മോഹിച്ചതാണ് അബദ്ധം... ഇല്യ,... ഞാൻ ഇനി മോഹിക്കണില്യ, പോരേ?

അയ്യോ പ്രിയേ! അങ്ങനെയൊന്നും പറയരുതേ! കോമളവർമ്മൻ വികാരതരളിതഗാത്രനായി. സംഭവ്യമാണെങ്കിൽ നോക്കാം.

രാജാവ് കർമ്മനിരതനായി. ആവാതെ തരമില്ലല്ലോ. വിശ്വകർമ്മനോട് നമ്മെ ഉടനടി വന്നു കാണുവാൻ പറയുക, രാജാവ് മന്ത്രിയോട് നിർദ്ദേശിച്ചു. നിമിഷങ്ങൾക്കുള്ളിൽ വിശ്വകർമ്മൻ രാജാവിനെ മുഖദർശനം നടത്തി.

വെണ്ണകൊണ്ട് കൊട്ടാരം... തല ചൊറിഞ്ഞ് കൂലങ്കഷമായി ചിന്തിച്ച് വിശ്വകർമ്മൻ മൊഴിഞ്ഞു. ന ഭൂതോ ന ഭവിഷ്യതി... എന്നാണ് അടിയൻെറ പഴംനാവിൽ ആദ്യം വന്നത്. പക്ഷേ രാജ്ഞിയുടെ താൽപര്യമാണല്ലോ... ഞാനവനെ തൊണ്ട തൊടാതെ വിഴുങ്ങുന്നു.

കുറച്ചുകൂടി ചിന്ത തുടർന്നശേഷം വിശ്വകർമ്മൻ പറഞ്ഞു. അരക്കില്ലം... അങ്ങനെയൊന്നു അടിയൻ കേട്ടിട്ടുണ്ട്. വെണ്ണയുടെ ഏട്ടനാണ് അരക്ക്. ചൂടിൽ പരിതപിക്കുന്ന മഹാത്മാവ്!

ഭസ്മട്ടാ എളകാത്ത ദേവതേണ്ടോ? അതുപോലെ ചൂടാക്കിയാൽ ഉരുകാത്ത വസ്തുവുണ്ടോ? വിശ്വകർമ്മൻ! നിങ്ങളുടെ ആലോചന നേരെ ത്തന്നെയാണ് എന്നു തോന്നുന്നു. തുടർന്നും ഉഗ്രമായി ചിന്തിക്കൂ... രാജാവ് പ്രോത്സാഹിപ്പിച്ചു.

രാജൻ! രണ്ടുവഴിക്കുള്ള ചിന്തകളാണ് എൻെറ മനസ്സിൽ വരുന്നത്. ഒന്നാമത്തെ ചിന്ത ഈ വിധം. രേഖാംശരേഖ എട്ടു ഡിഗ്രിയാണ് സ്യാനന്ദൂരപുരത്തുകൂടി പാഞ്ഞുപോവുന്നത്. സൂര്യഭഗവാന് വളരെ പഥ്യമായ പ്രദേശം. ഇവനെ പിടിച്ചൊന്നു വളച്ചെടുത്ത് ഒരു ഇരുപത്തെിട്ടോ മുപ്പത്തെിട്ടോ ആക്കിയെടുത്താൽ രക്ഷപ്പെട്ടു. നാൽപത്തെട്ടാക്കിക്കിട്ടിയാൽ ബഹുവിശേഷം! എന്നാൽ പിന്നെ വെണ്ണ മുറിക്കാനുള്ള ഉളി ചാണക്ക് വെക്കേണ്ടിവരും!

അതു വേണ്ട. നോം സ്ഥാനഭ്രംശനാകും. സ്ഥാനഭ്രംശോ ഭവേന്മമ... ഈ സ്ഥലപരിത്യാഗം വേണ്ടുന്ന ഉപായങ്ങളൊന്നുംതന്നെ വേണ്ട. നെരങ്ങി നെരങ്ങി ചേരയെ തിന്നണ നാട്ടിൽ ചെന്നുപെട്ടാലോ? അപ്പൊ നടുക്കണ്ടം തിരഞ്ഞെടുത്ത് തിന്നേണ്ടിവരും, ഇല്യാന്ന് തോന്ന്ണ്ടോ? വേറെ വല്ല ഉപായവും തോന്നു ന്നുണ്ടോ? കേൾക്കട്ടെ!

ഉപായമുണ്ട്. വിശ്വകർമ്മൻ തുടർന്നു. രാജ്ഞി ക്ക് വെണ്ണകൊണ്ടൊരു സൗധം വേണം. അവർ അതു കൺകുളിർക്കെ കണ്ട് ആനന്ദിക്ക ത്തക്ക സമയംവരെ നിലനിൽക്കണം... അതല്ലേ ആത്യന്തികമായ ലക്ഷ്യം?

അതേ... അതന്നെ... പറഞ്ഞതനുസരിച്ചില്ല എന്ന ദുഷ്പേര് വരരുത്, അത്രയേയുള്ളു.

എന്നാൽ വഴിയുണ്ട്. ഡിസംബർ ഇരുപത്തി മൂന്നിന് സൂര്യഭഗവാൻ ദക്ഷിണാപഥത്തിലേക്കുള്ള യാത്ര ബോറടിച്ച് കാശിക്ക് പോയ പട്ടരെ പ്പോലെ മടങ്ങുന്നു. ഉത്തരായണക്കിളി ഒരു ഉന്മാദിനിയേപ്പോലെ പാടുന്ന ദിവസം. കാലാവസ്ഥാ പ്രവചനക്കാർ തണുപ്പ് ഏറ്റവും കൂടിയതോ കുറഞ്ഞതോ ആവാൻ സാദ്ധ്യതയുള്ളത് എന്ന് പ്രവചിക്കപ്പെടുന്ന ദിവസം. അന്നു രാവിലെ സൗധം പടുത്തുയർത്താം.

ഗ്രേയ്റ്റ് ഐഡിയാ!! കോമളവർമ്മൻ സിംഹാ സനത്തിൽ പെട്ടെന്ന് മുന്നോട്ടാഞ്ഞിരുന്നു.

ഒരു കരുതൽ നടപടിയും വേണം, സ്പേയ്സ് ഷട്ടിലിൻെറ ഹീറ്റ് ടൈൽസ് എന്നപോലെ ഒരു സ്റ്റെപ്പിനി അറേയ്ൻജ്ജ്മെൻറ് എന്ന് കൂട്ടിക്കോളൂ. വിശ്വകർമ്മൻ തുടർന്നു. ഈ രാജ്യത്തുള്ള എല്ലാ ഹംസങ്ങൾക്കും അന്നത്തെ ദിവസം ഒരു ഡെപ്യൂട്ടേഷനും ഉത്തരവാക്കണം. സൗധനിർമ്മാണസമയത്ത് ഈ ഹംസവ്യൂഹം ചിറകുവിടർത്തി ആകാശത്ത് വീർപ്പടക്കി നിൽക്കണം. കുറച്ച് നേരം ഇവ ഹീറ്റ് ടൈൽസ് ആയി വർത്തിക്കട്ടെ. രാജ്ഞിയുടെ മനസ്സു കുളിർന്നശേഷം ഇവറ്റകൾ അതാതിൻെറ പാട്ടിനു പൊയ്ക്കോട്ടെ.

അതും ഞാൻ ഏറ്റു! കോമളവർമ്മൻ ഉത്സാഹഭരിതനായി പറഞ്ഞു. വിശ്വകർമ്മൻ!... നിങ്ങൾ നാസക്കാരുടെ കണ്ണിൽ പെടാതെ ശ്രദ്ധിക്കണം. അവർ തന്നെ ചൂണ്ടിക്കളയും!

അന്നു തന്നെ സ്യാനന്ദൂരപുരത്ത് പെരുമ്പറ കൊട്ടി ഒരു വിളംബരം ഉണ്ടായി. ഇന്നുമുതൽ ഡിസംബർ ഇരുപത്തിമൂന്നുവരെ നാലുകാലുള്ള സസ്തനികളുടെ പാൽ ഒരു തുള്ളിപോലും ചിന്തി പ്പോകാതെ കൊട്ടാരത്തിൽ എത്തിക്കണം. ആരെങ്കിലും ഒരു തുള്ളി കുടിക്കാൻ ധൈര്യം കാണിക്കുന്നുവോ, ആയവൻെറ ചന്തിക്ക് ചുട്ട പെട കിട്ടുന്നതായിരിക്കും. കൊട്ടാരത്തിലെത്തുന്ന ഓരോ തുള്ളി പാലും മുന്തിയ പ്രതിഫലത്തോടെ കൈപ്പറ്റുന്നതാണ്.

"ചിന്തിപ്പോകുക...", "ചന്തി...", "മുന്തിയ..." യെന്നാ യനുപ്രാസം! യാര് യെഴുതിയതാണാവേ യീ വിളംബരം! ചെണ്ടമുട്ടുകാരൻ ചന്തപ്പൻ ചന്തത്തിൽ തൻ തമ്പിയായ് കരുതുന്ന വിളംബരക്കാരൻ ചാന്തുമുത്തുവിനോട് ഏവം ഉരചെയ്തു.

മൂക്കോളം പ്രാസം നിറക്കാനാവും യെന്നേയും നിന്നേയും യീ ജ്വാലിയേൽപിച്ചത്. ചാന്തുമുത്തു പറഞ്ഞു. വൊരു വീഡിയെടുക്കാനുണ്ടോടേയ്? ചങ്ക് കാറുന്നു...

അന്നുതന്നെ ഹംസരാജാവിനേയും കൊട്ടാര ത്തിലേക്ക് വിളിച്ചുവരുത്തി.

ആകാശത്തിലെ പറവകളേ! നിങ്ങൾ വിത ക്കുന്നില്ല, കൊയ്യുന്നുമില്ല. ആയതിനാൽ നിങ്ങളെ ഒരു പണിയേൽപ്പിക്കാൻ പോകയാണ്. വരുന്ന ഡിസംബർ ഇരുപത്തിമൂന്നിന് പറക്കുന്ന അഭ്യാസം വശമാക്കിയ എല്ലാ വിംഗ്ഡ് മോൺ സ്റ്റേഴ്സും കൊട്ടാരപരിസരത്ത് കാലത്ത് ഏഴു മണിക്ക് എത്തിച്ചേർന്നിരിക്കണം. പ്രായപരിധി ഇല്ല. ഈക്വൽ ഓപ്പൊർച്ചുനിറ്റി എംപ്ലോയ്മെൻറ്. സൗധനിർമ്മാണസമയത്ത് നിങ്ങളേവരും സൂര്യ രശ്മികളെ രോധിച്ച് വെണ്ണയുടെ ബലം കാത്തുസൂക്ഷിച്ചുകൊള്ളണം!

രാജാവ് ഹംസരാജന് ഇൻജങ്ങ്ഷൻ സർവ്വ് ചെയ്തു.

ദിവസംപ്രതി കൊട്ടാരത്തിൽ വെണ്ണക്കൂനകൾ ഉയരുവാൻ തുടങ്ങി. ഇഷ്ടികയായും, തട്ടും തുലാനുമായും പ്രത്യക്ഷപ്പെടാനുള്ള ഉരുപ്പടികൾ! കോമളവർമ്മൻെറ മനസ്സിൽ ആഹ്ലാദം നിറഞ്ഞുതുളുമ്പി.

അങ്ങനെ ഡിസംബർ ഇരുപത്തിമൂന്നും സമാ ഗതമായി.

കെട്ടിടം പണിക്കാർ സർവ്വസാമഗ്രികളുമായി കാലത്ത് ഏഴുമണിയോടെ ഹംസങ്ങളേയും കാത്ത് ഇരിപ്പായി. ഏഴു കഴിഞ്ഞു. മണി എട്ടായി, ഒമ്പതായി... ഒടുവിൽ ഉണ്ണികൃഷ്ണനുമായി. സൂര്യൻ നേരെ ഉച്ചിയിലെത്തി. എന്നിട്ടും ഹംസ ക്കൂട്ടങ്ങൾ എത്തിച്ചേർന്നില്ല. കോമളവർമ്മനിലെ

അവസാനതുള്ളി ക്ഷമയും ആവിയായി മാറി.

അവസാനം ഒരുമണിക്ക് ഹംസരാജൻ പറന്നെത്തി. വന്നപാടെ രാജാവിൻെറ കാൽക്കൽ വീണ് മാപ്പപേക്ഷിച്ചു.

തമ്പുരാനേ! അടിയങ്ങൾക്ക് മാപ്പേകണം... അപ്പോയ്ൻറ്മെൻറ് തന്നപ്പോൾ പറ്റിയ അബദ്ധമാണ്. ഒരു ക്ലാഷ് വന്നു. മനഃപൂർവ്വമല്ല...

ക്ലാഷോ?! എന്താണത്? കോമളവർമ്മനിൽ കൗതുകം അങ്കുരിച്ചു.

ഇന്ന് അടിയങ്ങളുടെ നാട്ടിൽ സെൻസസ് ദിനമായിരുന്നു. അങ്ങേക്ക് അപ്പോയൻറ്മെൻറ് തന്നപ്പോൾ ഇതേക്കുറിച്ച് ഓർമ്മ വന്നില്ല. അന്ധാളിപ്പ് പറ്റിയതാണ്... ക്ഷമിക്കണം!

പക്ഷികൾക്ക് സെൻസസോ?! രാജാവിൻെറ ക്രോധം തണുത്തുതുടങ്ങി. നോം അങ്ങനെയൊന്ന് ധരിച്ചിട്ടില്യ!

ഉവ്വ്... നിങ്ങൾ മനുഷ്യർ നടത്തുന്നപോലെ അടിയങ്ങൾക്കിടയിലും ഈ സമ്പ്രദായമുണ്ട്. ജിഡിപി, പോവർട്ടി ലൈൻ മുതലായവ ഞങ്ങളും കയ്യാളുന്ന വകുപ്പുകൾ തന്നെ.

സെൻസസ്സിൽ ഒരു പാട് കാര്യം തിട്ടപ്പെടുത്തൂലോ. ആട്ടെ, ഒരു കാര്യം ചോയ്ക്കട്ടെ. നിങ്ങളുടെയിടയിൽ ആണിനോ പെണ്ണിനോ നിയന്ത്രിക്കാനാവാത്ത പ്രണയദാഹം? വയലാറ്റെ മച്ചുനൻ രാമോർമ്മച്ചേട്ടൻ എപ്പും ചോദിക്കാറുള്ള ചോദ്യാണ്.

അത് സെൻസസ്സിൽ പെടണ വകുപ്പല്ലല്ലോ. മാത്രല്ല, കുന്തിരിക്കം പുകയുന്ന കുന്നിൻ ചെരുവിലെ കുയിൽക്കിളികൾക്കേ ഇതിൻെറ ഉത്തരമറിയാവൂ...

ഓ.. അതു ശരിയാണ്. എന്നാൽ, വേറൊരു സംശയം കൂടിയുണ്ട്. ഒരു കുതൂഹലം എന്നു നിരീച്ചാ മതി. നിങ്ങളുടെ ഇടയിൽ ലിംഗാനുപാതം എങ്ങനെ? മാദ്ധ്യമക്കാരുടെ ഉറക്കം കളയുന്ന സെക്സ് റേഷ്യോ? അത് സെൻസസ്സിൽ നോക്കാണ്ടെ ഇരിക്കില്യല്ലോ. രാജാവിനു ജിജ്ഞാസ പെരുകിവന്നു.

പതിനെട്ട് കൊറ്റന് നൂറ്റിപ്പതിനേഴു പിട... ഇതാണ് ഇക്കുറി കണ്ടത്.

മൈ ഗോഡ്!! ഇറ്റ് ഈസ് അലാമിങ്ലിലോ!! കോമളവർമ്മന് അതിശയമായി. ഇത്രയും ലോപ്സൈഡഡ് റേഷ്യോയോ!? ഈ ഒരു മാരണം നിങ്ങൾക്ക് മുന്നേ അറിവുണ്ടായിരുന്നില്ല എന്നുണ്ടോ?

വിടകൊണ്ട്... അങ്ങയുടെ ആശങ്ക അടിയന് മനസ്സിലാവുില്ല, ഹംസരാജൻ പറഞ്ഞു.

തീർച്ചയായും ഇത് ആശങ്ക ഉളവാക്കുന്നു. നമ്മടെ രാജ്യത്തെ കഥയെടുക്കുക. നൂറ് ആണിന് തൊണ്ണൂറ്റേഴ് അഥവാ തൊണ്ണൂറ്റാറ് പെണ്ണ് എന്ന നില വന്നു എന്നിരിക്കട്ടെ, ഞങ്ങൾ പരിഭ്രമിക്കുവാൻ തുടങ്ങുകയായി. അതാണ് ഞങ്ങളുടെ ശീലം. ശീലക്കൊട മാറ്റാം, ശീലം മാറ്റാൻ പറ്റോ? ശിവ! ശിവ... ഇത് അതൊന്നുമല്ലല്ലോ കഥ!

തമ്പുരാനേ!... അങ്ങയുടെയും അടിയങ്ങളുടേയും കാനേഷുമാരി നടത്തിപ്പിൽ ഗണ്യമായ വ്യത്യാസം ഉള്ളപോലെ തോന്നുന്നു. അതായിരിക്കും ഭീമമായ ഈ വ്യത്യാസത്തിന് ഹേതു.

അതിലെന്തു വ്യത്യാസം? ആണുങ്ങളെ ആണായും പെണ്ണുങ്ങളെ പെണ്ണായും എണ്ണുക... നിങ്ങളും ആ രീതിയല്ലേ പിന്തുടരുന്നത്?

അല്ല... ഒരു ചെറിയ വ്യത്യാസമുണ്ടെന്ന് ഉണർത്തേണ്ടിയിരിക്കുന്നു.

ഉവ്വോ? എന്താണത്?

ഞങ്ങൾ പെണ്ണുങ്ങളെയൊക്കെ ആദ്യംതന്നെ പെണ്ണായി എണ്ണും. എന്നിട്ട് ശേഷിക്കുന്നവയിൽ, പെണ്ണിനെപോലെയുള്ളവരെയൊക്കെ മൊത്തത്തിൽ പെണ്ണായിത്തന്നെ എഴുതും. പിന്നെയും ബാക്കിയുള്ളവയെ മാത്രമേ ആണായി ഗണിക്കുള്ളു, വിടകൊണ്ട്... തിരുമനസ്സിലേക്ക് വ്യത്യാസം മനസ്സിലായിരിക്കുമല്ലോ?

കോമളവർമ്മൻ ചിന്താഭരിതനായി ഹംസരാജൻെറ കണ്ണുകളിൽ തന്നെ നോക്കിയിരുന്നു.

വിടകൊണ്ട്... അടിയൻ അപ്രിയമൊന്നും ഉണർത്തിയില്ലല്ലോ? തിരുവുള്ളക്കാവിലേക്ക് അഹിതമൊന്നും തോന്നിയില്യല്ലോ... ഹംസരാജന് ഭയമേറിവന്നു.

ഹും!... നിനക്കു പോകാം. രാജാവ് അനുമതി നൽകി.

ആരവിടെ? വെണ്ണസൗധം നിർമ്മിക്കുന്നത് നിർത്തിവെച്ചിരിക്കുന്നതായി ഉടനെ വിളംബരം ചെയ്യുക!

രാജാവ് ആജ്ഞാപിച്ചു.

# Onam Nite 2006










# Onam Nite 2006


















# Onam Village 2006



# Onam Village 2006



# LASYA LAYAM 2007



# From the brush of Rajaneesh






# The man who married a tree

Hari Kumar

After my uncle, Venu ammavan's tenth successive failure in the SSLC (secondary school) exam, my father lost all hope that he would one day see him graduate. By then Venu ammavan was in his mid twenties. My father set up a small grocery shop for him and also employed a teen-aged lad, who was tasked to keep the books, since adding and subtracting and remembering the prices of things were too overwhelming for my uncle's brain. All my uncle had to do was to sit there wearing a clean white shirt and pretend that he owned the shop. This arrangement went on well for a few months after which the monthly losses began to grow and grow despite the business being brisk. Then one day, my father visited the shop unannounced and was shocked to find the lad behind the desk counting the money with a cigarette dangling from his lips. He was wearing a Park Avenue shirt and had a brand new HMT watch on his wrist. There was also a sparkling Yamaha motorbike parked by the side of the shop. My poor uncle was helping deliverymen to unload a few sacks of rice. My father sacked the teen then and there. And my father was stuck with a grocery shop with no one to man. Naturally his eyes fell on my mother who after much persuasion agreed on helping out. After two months my mother couldn't take it any longer. Sitting behind the desk from nine to nine gave her such a backbreaking pain that she simply refused to go anywhere near the shop. The shop downed its shutters and displayed a sign: "Temporarily Closed. Will open soon." That was when Shanthamma who was intent on bringing couples together had the bright idea of suggesting my mother to find a bride for my uncle.

My mother fell for it instantly, "Brilliant! Why didn't I think of that before!" she said beaming at Shanthamma. My father too was pleased. After all my uncle was not a bad catch at all. He may not be very educated, but he had no bad qualities whatsoever, he had a shop that can generate a stable income (with some help from the future wife, of course) and he has a house of his own. He may not look like Prem Nazir but he was not ugly either. What more can a woman look for in a prospective husband? The following morning itself, my parents and I went to our family astrologer, Killimanoor Kurup. Killimanoor, incidentally is the name of a place near Kollam. In general, Malayalees who want to make a name for themselves borrow the name of their native place. It's a Malayalee thing others may find difficult to understand. Since a horoscope had not yet

*Hari Kumar is a Senior Engineer who works for a statutory board in Singapore. Having written three novels, more than a hundred poems and several short stories, you can call him a writer with passion. His short stories/poetry have been published by Penguin Books, Monsoon Books besides several online literary journals. Much of his work is showcased in his own website http://www.harismind.com/. He is also active in the literary scene of Singapore, being a key member of the Writers Connect, a frequent performer at the Poetry Slam and featured twice at the subText readings. Besides writing, he is also interested in creating websites, software development and community work (he is the Assistant Secretary of his Residents Committee).*

been cast for my uncle, the Kurup had to rely on the exact birth date and time to find out the best time for his marriage. He made some calculations, looked at the Panchangam (astrologer's almanac) and shook his head gravely. "The Jaathakan's (owner of the horoscope) first wife will not live beyond the seventh day of marriage. That is certain!" he said with a rare finality. My parents knew that astrologers rarely make a prediction with such absolute finality and Kurup was no exception. So this worried them immensely.

"Can you check once more?" asked my father to which the Kurup looked at him sternly.

"I am absolutely sure! If you are not satisfied you may take it elsewhere!" he pushed away the piece of paper in which my uncle's birth date was jotted.

"Is there any way out?" my mother asked in a tone that was almost pleading.

"Hmm. There is a work around..." he said and looked at my parents for support.

"Yes yes please go on," my mother said eagerly.

"Your cousin is not the first such case. There have been many before him with similar horoscopes. So there is a standard solution in Jyothisham (astrology). It is called Vaazha Kalyanam (banana tree marriage). The jaathakan marries a banana tree as per the usual customs of his caste. Soon after the marriage, the banana tree is cut down thus liberating the jaathakan to marry once again."

My parent's face brightened up. "That is easy!" my mother thought out loud. "Then, Kurup, fix a date for this Vaazha Kalyanam."

The Kurup referred the Panchangam once again before saying, "There is one two months from now. That is the earliest date available." He wrote the date and time on the piece of paper and gave it to my mother.

The moment I reached home I started teasing my uncle. "So your bride is going to be a banana tree and your children — bananas! Ammavaa, from now on don't eat bananas, okay. It is like eating your children," I laughed.

"Go! You rascal!" my ammavan would say, lifting his slippers to throw in my direction.

My father went about with the preparations almost immediately. A banana tree in our backyard was set aside to be my uncle's first "bride". The plants and shrubs in its vicinity were all cleared. My mother jokingly showed my uncle the banana tree and said with a laugh, "this is going to be your first bride. Take good care of her, okay." Little did my mother realise how seriously my uncle took it. Everyday in the morning, he would go to the tree and touch it and look at it for a long time. He would flick away any insect on it and water it himself and even lay cow dung around its roots. As the days went by his attachment to the tree grew. He would not let me go anywhere near the tree; the only other persons allowed near the tree were my parents. He also stopped eating bananas in any form and even refused to eat from banana leaves.

Naturally no one was invited on the day of his "marriage". He didn't seem very happy about that, but said nothing. My mother and Shanthamma giggled when she saw my uncle in his starched white mundu (white sarong) and shirt standing earnestly beside the tree. Chellappan covered his mouth with the tip of his mundu and laughed silently. My father looked at the watch and said, "Okay, now tie the thaali (wedding pendant) around the tree."

"But... isn't there any photo taking?" Venu ammavan sounded positively disappointed. He was still holding the little yellow thread with the tiny thaali dangling from it, a few inches away from his herbaceous bride.

Shanthamma couldn't hold it any longer. She started laughing raucously, which prompted my mother to give her a slap on the arm.

"Tie the thaali, I say," my father snapped at my uncle, "...before the muhurtham (auspicious time) slips away." My father then glared at Shanthamma for her thoughtless laughter who, in turn, withdrew like a little mouse.

"You'll have all that within a few month's time, okay," my mother reassured him, "... this is only a rehearsal... Now be a good boy and tie the thaali."

My uncle did as he was told. "Now you're both married," my father said and smiled. All of us applauded heartily. "Lay the table, I am hungry," my father

ordered amma and walked towards the kitchen backdoor.

My uncle gazed at the tree for some time. "Come, we'll have the sadhya (wedding banquet)," my mother said and tugged at my uncle's sleeves.

"I will have my meals here, chechi (sister)," ammavan said standing rooted to the spot.

"Don't be silly," my mother replied. "Come, before it gets cold."

"Chechi, I will come with Dileepan," my uncle said trying his best to stick around with his bride, now that he was married. Moreover, he did not trust me well enough to leave me with his tall and slim bride.

"I already had my sadhya. You thought I would wait till your stupid marriage ceremony is over?" I caught a low branch of a mango tree and swung from it. My mother looked incensed at my inconsiderate remark. "I will tell your father and have you whipped!" she warned, shaking a finger at me.

"Chellappa, don't let Dileepan go near…" he pointed to the tree.

Chellappan nodded, "Don't worry, angunnay. You go and have your food."

He took one last look at the tree and left with my mother. Just before he stepped into the kitchen, I heard him tell my mother, "Chechi, I'll have my rice in a steel plate. No banana leaf for me, okay?"

"Okay, okay. I won't give you any banana items. Not even chips… don't worry," I faintly heard my mother replying.

Chellappan waited till he was out of sight before he set down to his task. With one slash of his vettukathi (a large curved knife used for splitting coconuts), the banana tree came down in a slow, graceful arc. With expert strokes, he cut it into several pieces and removed the tender white core. "Excellent for urinary problems," he said handing it over to Shanthamma. "Make an ozhichu koottaan tomorrow, will you?" he told her.

By the time ammavan returned after a hurried lunch, there were only a few tattered leaves on the ground and a little stump of the tree. I could not see his face, since I was lazing around on a high branch of the mango tree. The moment he saw the remains of his ravaged bride, he collapsed on the hard floor. From my vantage point above, I saw Chellappan running to where he lay and carry him towards the house. I caught a glimpse of his face as Chellappan picked him up. He seemed as if he had died.

He was hospitalised only for a day. Although physically there was nothing wrong with him, he required some counselling and medication for almost three months. During that period my mother and Chellappan kept him company at his ancestral home, since the doctor had advised that he should be kept away from our backyard. Finally when he returned, there was a big celebration at home. He looked okay and smiled at me. But he did a curious thing that brought worry to my mother's brow: before anyone could stop him he went straight to the backyard and looked at the stump blankly. My mother ran after him and tried to pull him into the house.

"It's all right, chechi. I am fine," he said calmly. Then he knelt down and stripped out a thick strand of fibre from the stump and tied it around his wrist. He looked at my mother and smiled once again, "I am now fine."

From then on, every evening after mother had lit the pooja (prayer) lamp and said her evening prayers, ammavan would light a small earthen lamp in front of his stump and spend a few minutes there before returning indoors. A few marriage proposals did come by for him, but my uncle was adamant that he would remain single. The grocery shop was sold and my uncle resumed his busy life of doing… well, nothing in particular. And eating bananas? No, he never did that either.

I suspect it was Shanthamma's loose tongue that led to the neighbourhood kids shouting "Vaazha Menon" whenever he would appear in the streets in his stiff shirt and mundu. But surprisingly, ammavan took it in his stride and even seemed to be enjoying it. As though Vaazha was some kind of an honourable title that he has been bestowed with.

"Well, if people can have place names then why not tree names?" my young mind inquired.

# അമ്മ

## ലീല അശോകൻ

അമ്മയാം പദത്തിൻെറയർത്ഥം ഞാൻ ഗ്രഹിച്ചതൊ-
രമ്മയായ് ഞാനും മാറിപ്പോയതിൻ ശേഷമല്ലോ
അമ്മയിന്നില്ലെന്നുള്ള പരമാർത്ഥം നിനയാതെ
ഇന്നുമാ വാത്സല്യം ഞാൻ നുണഞ്ഞു കഴിയുന്നു.

അച്ഛനുമനുജനും ചേച്ചിയുമൊത്തുചേർന്ന്
ഇച്ഛ പോലാടുംകാലമുത്സവമനോഹരം

പിണങ്ങി ശാസിച്ചമ്മ തെറ്റുകളോർമ്മിപ്പിക്കെ
ഇണക്കം വഴിയുന്നു നിലാവു പരക്കുന്നു.

“എന്തെന്തു കഷ്ടപ്പാടു പൊറുത്തു വേണം മോളേ,
ഒന്നു താണ്ടുവാൻ ജീവ സാഗരം ഭയാനകം.”

അമ്മയെയോർത്തോർത്തു ഞാൻ കർമ്മങ്ങൾ ചെയ്തീടുന്നു
ഇന്നനശ്വരാർത്ഥമായീടുന്നു അമ്മതൻ വാക്കോരോന്നും
കർമ്മങ്ങളെല്ലാം ഭംഗിയാക്കീടാൻ മോഹമമ്മേ,
എങ്കിലും ശരീരത്തിനാവില്ല കർമ്മം ചെയ്യാൻ

സംതൃപ്ത ഗൃഹിണിയായമ്മയായ് ത്തീർന്നെന്നാലും
കൊതിച്ചു പോകുന്നമ്മേ, സ്നേഹത്തിൽ മയങ്ങുവാൻ.

ശാരീരികാസ്വാസ്ഥ്യങ്ങൾ മുന്നിട്ടു നിന്നീടുമ്പോൾ
മനസ്സിനാഘാതങ്ങളറിയാതേറ്റിടുമ്പോൾ

അമ്മതൻ മുഖം കാണു, മാസ്വരം കേൾക്കും വീണ്ടും
അമ്മതന്നരികത്തൊരുണ്ണിയായതു പോലെ
ത്തോന്നുന്നു, ദുരിതങ്ങൾക്കറുതിയായെത്തീടു-
മമ്മ തൻ മടിത്തട്ടിലിനിയെന്നു ഞാനെത്തും?

# അഴിമുഖം

## എം കെ ഭാസി

താഴെയീയഴിമുഖങ്ങളിൽക്കൊടും
കാറ്റിരമ്പിയ രാത്രിയിൽ

ആഞ്ഞുലഞ്ഞ ചെറുതോണിയൊന്നിൽ ഞാൻ
ഏകനായിവിടെയെത്തിപോൽ.

പാതി രാത്രി, നിശ്ശബ്ദ മീനിഴൽ-
പാതയിൽ വന്നു നിൽപു ഞാൻ.

താഴെ, യീ മരുഭൂമി, മേലിരുൾ
മൂടി നിൽക്കുന്ന വാനിടം.

ദൂര ചക്രവാളങ്ങളിൽ, ക്കരിം
കാറു മാത്രമാണെങ്കിലും

ഇവിടെ വീണു തളർന്നുറങ്ങുവാൻ
അനുവദിക്കരുതെന്നെ നീ.

ഇതിലെ, യിന്നിയുമുദയ രശ്മികൾ
തിരി കൊളുത്തുവാനെത്തിടും.

പവിഴ മല്ലികൾ പൂത്തു നിൽക്കുമീ
ചെറിയ താഴ്‌വരയിങ്കലെൻ

വഴികളിൽക്കണ്ട തണൽ മരങ്ങളേ!
പറവതെങ്ങിനെ നന്ദി ഞാൻ?

# കൊച്ചു കൊച്ചു സന്തോഷങ്ങൾ

## മുന്ന

അന്നൊരിക്കൽ ധൃതിപിടിച്ച് ഷോപ്പിങ്ങ് നടത്തിയപ്പോഴാണ് വഴിയരികിൽ അവളെ (എൻെറ പാരിജാതത്തിനെ) ആദ്യം കണ്ടത്. ഒരു ചീനൻെറ ചെറിയ ചെടിക്കടയിൽ നിരത്തിവച്ചിരിക്കുന്ന ചൈനീസ് ചെടികളുടെ ഇടക്ക് രണ്ടുമൂന്നു പൂക്കളുമായി ആരെയോ പ്രതീക്ഷിച്ചെന്നപോലെ. എന്നെയാണോ! ഒരു നിമിഷം ശങ്കിച്ചു. വേണ്ട. അത്രയ്ക്കങ്ങു അഹങ്കരിക്കണ്ട. തറയിലൊരു വീടു കിട്ടിയതല്ലേ ഉള്ളു. അതിനിടയിൽ അങ്ങിനെ ഇപ്പോൾ നഷ്ടമായതെല്ലാം കൂടി ഒന്നിച്ചു നേടണ്ട. സ്വയം വിലക്കി. മനസ്സില്ലാമനസ്സോടെ അവളെയും കടന്ന് പോകുമ്പോൾ ആശ്വസിക്കാൻ മറന്നില്ല. "വരും ഞാൻ താമസിയാതെ. ഇന്നല്ല. വേറൊരു ദിവസം നിന്നെ ഞാൻ സ്വന്തമാക്കും".

പക്ഷെ, പിന്നീടൊക്കെ അവളെ അന്വേ ഷിച്ചു ചെന്നപ്പോൾ അവൾ വിദഗ്ധമായി അപ്രത്യക്ഷയായിക്കഴിഞ്ഞിരുന്നു. മറ്റാരുടെയോ വീട്ടിൽ സുഗന്ധം പരത്തുകയാവും അവളിപ്പോൾ. കിട്ടുകില്ലെന്നായപ്പോൾ ആഗ്രഹം ഒന്നുകൂടി കൂടി. കാണുന്ന കടകളിലൊക്കെ തിരക്കി. എങ്ങുമില്ല. ആർക്കും അങ്ങിനെ ഒരു പേരും പൂവും ഒന്നും അറിയില്ല. ഇന്ത്യൻ പൂവ്, വെളുത്ത വലിയ പൂവ്, നല്ല മണമുള്ള പൂവ് എന്നൊക്കെ പറഞ്ഞു നോക്കി. സഹായിക്കണമെന്ന് എല്ലാവർക്കും ആഗ്രഹമുണ്ട് പക്ഷെ, അവർക്ക് മനസ്സിലായില്ല ഞാൻ ഉദ്ദേശിക്കുന്ന പൂവേതാണെന്ന്.

ഇന്നിപ്പോൾ, പിടിപ്പതു പണിയുണ്ടാ യിരുന്നു. ഭർത്താവിനും മക്കൾക്കും ആഹാരം കൊടുത്ത്, എല്ലാം കഴിഞ്ഞപ്പോൾ എങ്ങോട്ടോ തിരക്കിട്ട് പോകുന്ന ഭർത്താവിനോട് ചോദിച്ചു,

"എന്നെക്കൂടി ഒന്നു വഴിവക്കിൽ ഇറക്കി വിടാമോ?"

"പെട്ടെന്നു റെഡിയായാൽ ഇറക്കിവിടാം" മറുപടി കിട്ടി..

പിന്നെ ഒട്ടും താമസിച്ചില്ല. വീട്ടു ജോലികളിൽ നിന്നും താൽക്കാലികമായി ഒന്നു വിട്ടുനിൽക്കാൻ ഈ ഒരു മാർഗ്ഗമേ താൻ കണ്ടിട്ടുള്ളു. ജോലി ചെയ്തു തളർന്നിരിക്കയാണെങ്കിലും, വെറുതേ പരിചയമുള്ള കടകളും കടക്കാരെയും കണ്ട്, ആവശ്യമുള്ള വീട്ടുസാധനങ്ങളും വാങ്ങി, ഭാരമുള്ള കെട്ടും തൂക്കിപ്പിടിച്ച്, മഴയത്തായാലും വെയിലത്തായാലും നടന്ന് തിരിച്ചെത്തുമ്പോൾ, എന്തോ വലിയ കാര്യം ചെയ്തു തീർത്ത സംതൃപ്തിയാണു. പിന്നീട് ബാക്കി കിടക്കുന്ന വീട്ടുജോലികൾ അറിയാതെ ചെയ്തു തീർക്കയും ചെയ്യും.

ഭർത്താവ് തിരക്കുള്ള റോഡിൽ വണ്ടി ഓരമായി നിർത്തി. അസഹ്യമായ ചൂട്. നട്ടുച്ച സമയം സൂര്യൻ കത്തിജ്വലിക്കയാണു. 'ബൈബൈ' പറഞ്ഞ് നടന്നു തുടങ്ങിയപ്പോൾ ഇറങ്ങിയത് വിഡ്ഢിത്തമായോ എന്ന സംശയം. അത്രയ്ക്കുണ്ട് പുറത്തെ ചൂട്. തിരിച്ചു വീട്ടിൽ പോകാനും ഈ വെയിലത്ത് ആവില്ല.

ഒരു സ്വപ്നാടകയെപ്പോലെ നടന്നുതുടങ്ങി. പരിചയമുള്ള ഓരോന്നും നോക്കി നടക്കുമ്പോൾ 'സ്വന്തം നാട് കേരളമല്ല, ഇതാണു' എന്നു തോന്നിത്തുടങ്ങി. പരിചയമുള്ള കടകളിൽ ഓരോന്നായി കയറി ആവശ്യമുള്ളതൊക്കെ വാങ്ങി. ഇപ്പോൾ വാങ്ങിയ സാധനങ്ങളുടെ ഭാരവും കൂടി. പക്ഷെ, ചെടിക്കടയ്ക്കരികിലെത്തിയപ്പോൾ പെട്ടെന്ന് ഭാരമൊക്കെ കുറഞ്ഞ പോലെ എൻെറ പാരിജാതം ഉണ്ടൊ! മനസ്സ് പെരുമ്പറകൊട്ടും പോലെ. ഇല്ല, ഇന്നും ഇല്ല. നിരാശ വീണ്ടും കൈയ്യിലെ ഭാരം അധികരിപ്പിച്ചു

നിരാശയോടെ ബസ് സ്റ്റോപ്പിലേയ്ക്ക് നടക്കുമ്പോൾ പെട്ടെന്ന് ഒരു ആശയം! പോകുന്ന വഴിക്കാണു മറ്റൊരു ചെടിക്കട. ഒരു പക്ഷെ അവിടെ കാണുമോ! അവിടെയും പലതവണ അന്വേഷിച്ചു ചെന്നിട്ടുണ്ട്. അപ്പോഴൊക്കെ നിരാശയായിരുന്ന് ഫലം.

ബസ്സ് ചെടിക്കടയുടെ മുന്നിൽ എത്തിയപ്പോൾ ക്ഷീണമൊക്കെ ഒരുവിധം തീർന്നിരുന്നു.

എന്തെങ്കിലും ഒരു സ്വപ്നം മനസ്സിലുണ്ടെങ്കിൽ ജീവിതത്തിലെ കഷ്ടപ്പാടുകൾ ഒക്കെ നേരിടാൻ അത് ബലം തരും എന്നു പറയില്ലേ. എൻെറ കൊച്ചു സ്വപ്നം എൻെറ പാരിജാതത്തെ

കണ്ടുപിടിക്കയാണു. ഒപ്പം, സ്വപ്നങ്ങളില്ലാതെ ജീവിക്കേണ്ടിവരുന്ന മനുഷ്യരോട് സഹതാപം തോന്നി. 'എല്ലാവർക്കും ഇതുപോലെ ദൈവം എന്തെങ്കിലും ഒരു സ്വപ്നം കൊടുക്കേണമേ' എന്നു പ്രാർത്ഥിക്കാനും മറന്നില്ല. അപ്പോൾ അവരുടെ മനസ്സിൽ കിടക്കുന്ന മറ്റ് ആധി വ്യാധി കളൊക്കെ പമ്പ കടക്കും, അവർക്ക് ജീവിതത്തെ കുറച്ചുകൂടി സന്തോഷത്തോടെ നേരിടാനും കഴിയും. അതാണു സ്വപ്നത്തിൻെറ രഹസ്യം.

നടന്നു നടന്നു ചെന്നെത്തിയത് ചെടിക്കട യുടെ മുന്നിൽ തന്നെ. എന്നത്തെയും പോലെ ചെറുതായി ഒരവലോകനം നടത്തി. എൻെറ കേരളത്തിൽ എനിക്ക് നഷ്ടമായ എൻെറ കൂട്ടുകാർ ഇവിടെ ഇടയിലെങ്ങാനും ഒളിച്ചിരു പ്പുണ്ടോ. തുളസി., തെച്ചി, മുല്ല, ചെമ്പരത്തി, ചെമ്പകം, കറിവേപ്പില, വേപ്പ്, തുടങ്ങി എല്ലാവരും ഇവിടെയുമുണ്ട്. കൂടാതെ എൻെറ കിളികൾ, മറ്റു ജീവികൾ ഒക്കെ ഉണ്ട്. ഭാഷയും പ്രകൃതവും ഒക്കെ ഒന്നു തന്നെ. മനുഷ്യർ മാത്രം പല പല ഭാഷ പറയുന്നുണ്ടെങ്കിലും അടിസ്ഥാന സ്വഭാവം ഒന്നു തന്നെ.

ഇല്ല. ഇന്നാരുമില്ല. ചൈനീസിന് ഭാഗ്യവും കൊണ്ട് ഇരിക്കുന്ന ചെടികളാണധികവും. ഇല്ലാത്ത കീഴ്‌വഴക്കങ്ങൾ പുതുതായുണ്ടാക്കണ്ട. 'ഒരു ചെടി വാങ്ങി വച്ചതുകൊണ്ട് എങ്ങിനെ ഭാഗ്യം വരാൻ! ഭാഗ്യം വരാൻ കഷ്ടപ്പെ ടണം. പിന്നെ ഈശ്വരവിശ്വാസവും വേണം' എന്നു പിറുപിറുത്ത് തിരിഞ്ഞ് നടക്കാൻ തുടങ്ങിയപ്പോൾ, പെട്ടെന്ന് ആരോ വിളിച്ച പോലെ. പരിചയ മുള്ള ആ ഇലകളിൽ കണ്ണുകളുടക്കി. നാട്ടിലായിരുന്നപ്പോൾ പാരിജാതപൂക്കളെ സ്നേഹിച്ചിരുന്നു, മുകർന്നിരുന്നു, പ്രകീർത്തിച്ചിരുന്നു. പക്ഷെ, ഇലകളിൽ ഗവേഷണമൊന്നും നടത്തിയിട്ടില്ലാ യിരുന്നു.എങ്കിലും എവിടെയോ വച്ചു കണ്ട ഒരു പരിചയം. ഇതു പാരിജാതമാകുമോ!

എൻെറ ആകാംക്ഷ കണ്ട് ചീനൻ പുഞ്ചിരി യോടെ അടുത്തുവന്നു. (ചെടി വിൽക്കുന്ന ആൾക്കാരൊക്കെ സ്വതവേ തണുത്ത പ്രകൃതക്കാരായിട്ടാണു കാണപ്പെടുന്നത്. പ്രകൃതിയുമായി ഇണങ്ങിച്ചേർന്നുള്ള വ്യാപാരമായതുകൊണ്ടാകുമോ? എല്ലാവരി ലും ഒരേ ഊഷ്മളതയും സരളതയും, എന്തോ സ്നേഹം വിൽക്കാൻ ഇരിക്കുന്നവരെ പ്പോലെയാണു അവർ അടുത്തു വരിക.)

ഞാൻ ചോദിച്ചു, "ഈസ് ദിസ് ആൻ ഇൻഡിയൻ ഫ്ലവർ? വൈറ്റ്, ഫ്രാഗ്രൻറ് ഒൺ?" (ഇവിടെ സാധാരണക്കാർ പൊതുവേ ഇംഗ്ലീഷ് ഗ്രാമറും ഒന്നും ശ്രദ്ധിക്കാതെയാണു സംസാരിക്കുക.) അതുകൊണ്ട് ആകെ വശമുള്ള അൽപ്പസ്വൽപ്പം ഗ്രാമ്മർ പരിജ്ഞാനവും ഇപ്പോൾ എന്നെ കൈവിട്ടുപോയിരിക്കുന്നു. എനിക്കിപ്പോൾ വശമുള്ളത് ഇവരുടെ ചൈനീസീകരിച്ചിരുന്ന ഇംഗ്ലീഷുമാത്രം. ചീനർക്കു എൻെറ ഇംഗ്ലീഷ് മനസ്സിലായാലേ അവരുടെ കടയിലെ സാധന ങ്ങൾ കിട്ടു.

ചീനൻ. പറഞ്ഞു, "യെസ് യെസ്. ഇൻഡി യൻ പ്ലാൻറ്. ലോങ്ങ് എഗോ ഇൻ മൈ കാമ്പൊങ്ങ് ഹൗസ് ഹാ... ഐ ഗോട്ട് ഹാ... ഫ്രം ഇൻഡിയൻ നൈബർ ഹാ... വെരി ഗൂഡ് വെരി ഗൂഡ്" (അയാളുരെ പാരിജാത ബിസിനസ്സിൻെറ ഉറവിടം അയാൾ എനിക്കു നിർലോഭം വിളമ്പി.) എനിക്കു സന്തോഷമായി. എങ്കിലും ചോദിച്ചു, "ഈസ് ഇറ്റ് പാരിജാതം?"

"യെസ് യെസ് ഇൻഡ്യൻ ഫ്ലവർ, വൈറ്റ്, ബിഗ് ഒൺ. നൈസ് ഒൺ.".

(പാരിജാതം എന്ന പേർ അയാൾക്കറിയില്ല, എങ്കിലും ചെടി പാരിജാതമാണെന്നു സ്പഷ്ട മായി.) വില ചോദിച്ചു. കാശു കുറക്കുന്ന കാര്യത്തിൽ സ്നേഹത്തിനു ഒരിടവുമില്ല ട്ടൊ. 'കാശിത്തിരിയാണു, പക്ഷെ വെരി ഗുഡ്ഡ് ഫ്ലവർ.' എന്ന് പറഞ്ഞ്, ഒട്ടൊരു നിരാശ കാട്ടി ഞാൻ വാങ്ങാതെ പൊയ്ക്കളയുമോ എന്ന ഒരു തോന്നലും, വാങ്ങിയില്ലെങ്കിൽ അതെനിക്കൊരു നഷ്ടമാണെന്നൊരു ധ്വനിയും തന്നിട്ട്, 'ഞാനൊന്നുമറിഞ്ഞില്ലേ രാമനാരായണാ' എന്നമട്ടിൽ ആദ്യമിരുന്ന പോസിൽ സ്നേഹം വിൽക്കാനെന്ന ഭാവത്തിൽ അങ്ങിനെ ഇരിക്ക യാണു. അയാൾ. എന്തു ചെയ്യാൻ, വില പേശണോ? വേണ്ട. കേരളത്തിൽ എനിക്കു നഷ്ടം വന്ന അപൂർവ്വമായ ചെടിയുമായി ഇരി ക്കുന്ന ചെടിവിൽപ്പനക്കാരാ, ഇന്നെനിക്കൽപ്പം നഷ്ടം വന്നോട്ടെ. അത് ഞാൻ മറ്റേതെങ്കിലും ഇനത്തിൽ നികത്തിക്കോളാം. നിങ്ങളുടെ ചിരി മങ്ങിയിട്ട് എൻെറ പൂന്തോട്ടം പൂത്തുലയണ്ട. അവളുടെ സംരക്ഷകനെ സന്തോഷിപ്പിച്ചിട്ടു തന്നെ എൻെറ പാരിജാതം എൻെറ വീട്ടിൽ വരട്ടെ എന്നാലേ എൻെറ വീട്ടിൽ വരുന്ന അവളുടെ മനസ്സിലും സന്തോഷം അലതല്ലു. ആ സന്തോഷമാകാം വിരസമായ, ഏകാന്തമായ എൻെറ സന്ധ്യകൾക്കും നിറം ചാർത്തുന്നത്.

അയാൾ പറഞ്ഞ കാശു കൈകളിൽ കൊടുക്കുമ്പോൾ ഒരു നിധിയെന്നപോലെ എൻെറ പാരിജാതത്തെ പ്ലാസ്റ്റിക്ക് കവറിൽ

ആക്കി, തന്നിട്ട്, ആശീർവ്വദിച്ചു, "ഗുഡ് ലക്ക്".

അവർക്ക് എല്ലാ ചെടികളും ഭാഗ്യം കൊണ്ടു വരുന്നവയാണു. ഞാൻ തലയാട്ടി ആ ആശീർവ്വാദം സ്വീകരിച്ചു. പക്ഷെ, ഉള്ളിൽ പറഞ്ഞു, 'എൻെറ പാരിജാതപ്പെണ്ണേ, നിനക്കും ഉണ്ടോ ഭാഗ്യം കൊണ്ടുവരാനുള്ള കഴിവ്! നിൻെറ ചീന സംരക്ഷകൻ നിനക്കു നൽകിയ മകുടമോ!.'

പാരിജാതവുമായി നടന്നു തിരിച്ച് ബസ് സ്റ്റോപ്പിൽ എത്തിയതറിഞ്ഞില്ല. മുകളിൽ കത്തി ജ്വലിച്ചു നിന്ന സൂര്യനെ കണ്ടില്ല. പുറത്തെ ചുട്ടു പൊള്ളുന്ന വെയിലറിഞ്ഞില്ല. മനസ്സും ഹൃദയവും ഒക്കെ കൈകളിൽ ഇരുന്ന് കുലുങ്ങി കുലുങ്ങി ചിരിക്കുന്ന പാരിജാതത്തിലായിരുന്നു. എന്നോ ഒന്നുചേരാനാഗ്രഹിക്കുന്നവർ ഒന്നുചേർന്നപോലെ.

എനിക്കു പുതിയ ലക്ഷ്യങ്ങൽ കൈവന്നു. ഇനി ഇവളെ മണ്ണിൽ നടണം, ഇവൾ വലുതാകുന്നത് കാണണം, ഇവൾ പൂവിടുന്നതു കാണണം. ആ സൗരഭ്യത്തിൽ എൻെറ അൽപ്പ സ്വൽപ്പ നിരാശകളും നഷ്ടങ്ങളും ഒക്കെ മറക്കണം.

അങ്ങിനെയാണു എൻെറ പാരിജാതം എൻെറ വീട്ടിൽ എത്തിയത്. ദാ ഇപ്പോൾ അവൾ എൻെറ പൂന്തോട്ടത്തിലെ ഒരംഗമായിക്കഴിഞ്ഞു. നട്ടുകഴിഞ്ഞശേഷവും ഇടയ്ക്കിടയ്ക്ക് ഞാനവളെപ്പോയി നോക്കുന്നു. അവൾ സന്തോഷവതിയാണോ എന്നുറപ്പു വരുത്താൻ. അവൾ മൗനമായി പറഞ്ഞു, "എനിക്കിവിടെ സന്തോഷം തന്നെ" ചേരേണ്ടിടത്ത് എത്തിച്ചേർന്ന ഒരു സംതൃപ്തിയോടെ അവൾ തലയാട്ടി.. അതെ ഞാനുമിന്ന് സംതൃപ്തയാണു. ഞാൻ സ്വയം പറഞ്ഞു.

ഒന്നു പറയാൻ മറന്നു... ഞാനിടയ്ക്ക് ഒന്നു രണ്ടു ദിവസം വീട്ടിൽ നിന്നും വിട്ടുനിൽക്കേണ്ടി വന്നു. മനസ്സാകെ നൊമ്പരമായിരുന്നു. എന്തോ നഷ്ടമായ പ്രതീതി. എൻെറ ചെടികളെ ഓർത്തായിരുന്നു വിഷമം. അവർക്ക് ഒരാപത്തും വരല്ലേ.. തിരിച്ചു വന്നപ്പോൾ എല്ലാവരും സന്തോഷത്തോടെ സ്വീകരിച്ചു. ഞങ്ങൾ സുരക്ഷിതരാണ് എന്ന് തലകുലുക്കി. ഞാൻ പാരിജാതത്തിൻെറ അടുത്ത് ചെന്നു. അപ്പോൾ അതാ ഒരു സൗരഭ്യം! അവൾ എനിക്കു നൽകാൻ ഒരു സമ്മാനവും ഒളിപ്പിച്ചു വച്ച് നിൽക്കയായിരുന്നു!. അവളുടെ ആദ്യത്തെ കണിയായ ഒരു വെള്ള പാരിജാതപ്പൂവ്! ഞാൻ പതിയെ അവളുടെ അടുത്ത് ചെന്നു. ഒരു നിധി കാണും പോലെ ആ പൂവു നോക്കി. വിശ്വസിക്കാനാവാതെ നിന്നു. പിന്നെ പതിയെ തൊട്ടുനോക്കി. പിന്നെ പതിയെ മുകർന്നു. അതെ നാട്ടിൽ പണ്ടെങ്ങോ മുകർന്ന അതേ സൗരഭ്യം. ആ സൗരഭ്യം എന്നെ പൊതിഞ്ഞു, അറിയാതെ എൻെറ കൺകളിൽ നിന്നും രണ്ടു തുള്ളി കണ്ണുനീർ അടർന്നുവീണു. ഒരു നിമിഷം ആ പരിമളത്തിൽ ലയിച്ച് സ്വയം മറന്ന് ഞങ്ങൾ നിന്നു. ഇതാണു ഭൂമിയിലെ സ്വർഗ്ഗം. ഞാനറിയാതെ പറഞ്ഞുപോയി.

# Divine Magic

*Raj J Kurup*

I love this moment. I pray that it lasts forever in one way or the other. There is this warmth that I feel inside – one that I have never experienced before. It makes me happy and happier at times.

The world around me has suddenly changed. I am trying to see it from a totally new perspective and admiring it in a way I have never done before.

It makes me smile and there is a spring in my step these days. I am in love. I could never imagine that love, when it happens, can change a lot of things around you.

It is all the more surprising to me that it has happened in bizarre circumstances. I have never met her! Yet I love her. She loves me too!

She is my fiancée and I will marry her in October this year. I suppose you must be wondering as to how I can marry a person whom I have never met. Further, how can I fall in love without seeing her face to face?

Well, facts of life are often stranger than fiction. She lives in Kerala, a southern Indian state. I am also a native of the same state, but currently my place of work happens to be Kuala Lumpur.

In India, there are two kinds of marriages that take place. One is called an arranged marriage and the other is the love marriage.

An arranged marriage is one where the parents of both families meet, along with the bride and the bridegroom. Subsequently, an engagement happens when the date for the marriage is fixed. In Kerala, a state with 100 per cent literacy rate, these engagements, especially amongst Hindu families, are conducted without the presence of the groom. So there is no ring exchange, which is common in most engagement ceremonies. This scenario is undergoing sweeping changes as I write this and grooms are making their presence felt, one way or the other.

As you might have guessed, I am not wearing a ring now.

Also, I never got to meet her when the two families officially met for the first time, since I could not schedule my travel to India due to work commitments.

So was the marriage forced on me? The answer is no. But how did I say yes without seeing her? That, probably, is the best part of our relationship so far. It may sound strange, amazing and probably even ridiculous.

I could have waited for the day when I could go home and then go through the motions of an arranged marriage. So was I desperate to get married? I don't think so. If that was the case, I would have never suggested a 7-month long engagement!

So if you keep on asking me why it happened this way, I do not have a rational answer. I saw her photograph and something inside me said 'yes'. Today, I do not regret that decision. I know I never will.

The engagement took place in March earlier this year. As I write this, we have not yet tied the nuptial knot. But we are in love. I have got to know her through the innumerable phone calls and chat sessions we have had so far.

I told her that I need a friend and a wife next. I probably have shared everything that has happened in my life so far. To a great extent, I can also claim that I know her a little, if not a lot.

We both eagerly look forward to our scheduled and at times unscheduled chat and phone sessions. Sometimes it goes on for hours on end. The subjects vary from the most nondescript to the most interesting, from friends to relatives, from daily routines to future events, and of course about our marriage.

I once asked her, how did you say yes without seeing me? Pop came the question back, and in the end both of us could not come up with a rational answer. But we knew there was something special inside us, a kind of inner strength that makes us feel that we are indeed made for each other. It is the same strength that helps to ward off the people around us who tend to believe that it is practically impossible for two people to meet the way we met and fall in deep love.

Needless to say, we are waiting for the day we meet. It will certainly be on a day well before the marriage date. We both cannot imagine as to how that moment will be. It will be treasured, for sure.

We have never held hands nor have our eyes met. No candlelit dinners and no walks on the beach. Yet, we have found each other, fallen in love and have promised to live together.

Oftentimes I believe what we are experiencing is god-given. Or is it magic? Whichever may be the answer, we seem to enjoy and savour each passing moment. Life probably never felt any better. She fully agrees.

We hope and pray that it continues for ever, helping us to discover more about one another and fall in love over and over again.

Post-script: This article was written in April 2004. Raj and his fiancée finally met on 20th October, 2004 and got married on the 25th of the same month.

# എൻെറ വീട്

മഞ്ചു സുരേഷ്

സമയം വളരെയേറെയായിരിക്കുന്നു. എങ്ങും കൂരിരുട്ട്, അച്ഛൻ ഇതുവരെ എത്തിയിട്ടില്ലല്ലോ എന്ന് കരുതി അമ്മയും ഞങ്ങൾ മക്കളും വരാന്തയിൽ അച്ഛനെ പ്രതീക്ഷിച്ച് നിൽക്കുകയാണ്. അമ്മയുടെ മുഖത്ത് ദുഃഖത്തിൻെറ നിഴലാട്ടം കാണുന്നുണ്ട്.

ആ.. ഞാൻ ഒരു കാര്യം പറയാൻ മറന്നുപോയി. എൻെറ കുടുംബത്തെക്കുറിച്ച് പറഞ്ഞില്ലല്ലോ, അച്ഛനും അമ്മയും മൂന്നു മക്കളും അടങ്ങുന്നതാണ് എൻെറ കുടുംബം. അങ്ങനെ പറയത്തക്ക ഒരു വലിയ സാമ്പത്തിക കുടുംബം അല്ലാ ഞങ്ങളുടേത് എങ്കിലും ഞങ്ങൾ അഞ്ചുപേരും വളരെയധികം സന്തോഷത്തോടുകൂടിയാണ് ജീവിക്കുന്നത്.

അതാ പടിപ്പുരകടന്ന് അച്ഛൻ വരുന്നുണ്ട്. കുട്ടികൾ ബഹളം വയ്ക്കാൻ തുടങ്ങിയിരിക്കുന്നു. ഇന്നും അച്ഛൻെറ കൈയ്യിൽ ഒരു പൊതിയുണ്ട്. അത് ഞങ്ങൾ മൂന്നുപേർക്കും ഉള്ള പലഹാര പൊതിയാണ്, എന്തു പ്രശ്നമുണ്ടെങ്കിലും ഇത് ഇല്ലാതെ ഒരു ദിവസം പോലും അച്ഛൻ വരുകയില്ല. ഞങ്ങൾക്കുള്ള അച്ഛൻെറ സ്നേഹോപഹാരമാണ് ആ പലഹാരപൊതി.

ഇങ്ങനെയൊക്കെയാണെങ്കിലും ഞങ്ങളെല്ലാവരും സ്വകാര്യമായി സൂക്ഷിക്കുന്ന ഒരു ദുഃഖമുണ്ട്, "സ്വന്തമായി ഒരു വീട്" എന്ന ഒരു സ്വപ്നം. ഞങ്ങൾക്ക് സ്വന്തമായി ഒരു വീടില്ല. ഒരു വാടക വീട്ടിലാണ് ഞങ്ങളെല്ലാം കഴിയുന്നത്.

ഇപ്പൊഴത്തെ കാലത്തു വാടക വീട് എന്നത് ഒരു പ്രശ്നമേ അല്ല. പക്ഷെ അന്നത്തെ കാലത്ത് അത് മഹത്തായ ഒരു പ്രശ്നമായിരുന്നു എന്നാണ് എനിക്ക് തോന്നുന്നതു. കാരണം ഇടക്കുള്ള വീട്ടിൻെറ ഉടമസ്ഥൻെറ ഒരു വരവുണ്ട്. പറമ്പിൽ എത്ര ഇലകൾ നുള്ളിക്കളഞ്ഞിരിക്കുന്നു? വാഴയിലകളും, ചെടികളും എല്ലാം അതുപോലെയുണ്ടോ? അതോ അവയയെല്ലാം വാടകക്കാർ നശിപ്പിച്ചോ എന്നൊക്കെ അറിയാനുള്ള ഒരു വരവാണു അത്. പറമ്പിൽ ഒരില കുറഞ്ഞാൽ അവർ ബഹളം വെയ്ക്കാൻ തുടങ്ങുകയായി. ഇതു കേട്ട് എത്രയോ ദിവസങ്ങൾ എൻെറ അമ്മയുടെ തേങ്ങലുകൾ ഞാൻ കേട്ടിട്ടുണ്ട്. അപ്പോഴൊക്കെ അച്ഛനും അമ്മയും അമ്മളുടെ അടുത്ത് പറയാറുണ്ട് "നമ്മളും നല്ലൊരു വീടു വെയ്ക്കും മക്കളെ" എന്ന്. "സ്വന്തമായി ഒരു വീട്", അതൊരു വലിയ കാര്യമായിട്ടാണു അന്ന് എനിക്ക് തോന്നിയിരുന്നത്.

അങ്ങനെ കാലങ്ങൾ കുറെ കഴിഞ്ഞു. ഇപ്പോൾ നമ്മളും വീടു വെയ്ക്കാൻ തുടങ്ങി കഴിഞ്ഞിരിക്കുന്നു. ചെറിയ വീട് ഒന്നും അല്ല, സാമാന്യം വലിയ ഒരു വീടു തന്നെയാണു നമ്മൾ വെയ്ക്കുന്നതു. വീടു പണി പുരോഗമിക്കുമ്പോൾ ഞങ്ങൾ മൂന്നു പേരും വീടു കാണുവാൻ വേണ്ടി വലിയ ഗമയിൽ ഒരു പോക്കുണ്ട്. ആരെങ്കിലും എവിടെ പോകുന്നുവെന്നു ചോദിച്ചാൽ വലിയ ഗർവ്വിൽ അങ്ങിനെ പറയും, പുതിയ വീടു വെയ്ക്കുന്നത് കാണുവാൻ പോകുന്നുവെന്ന്. എന്തായാലും, അമ്മയ്ക്ക് ഇനി ആരുടേയും വഴക്ക് കേൾക്കണ്ടല്ലോ എന്നു കരുതും ഞാൻ. എന്നും വൈകുന്നേരം വീട് കാണാൻ പോകുന്നത് ഞങ്ങൾ പതിവാക്കി. അവിടെ ചെന്നു ആ വീടും നോക്കി ഒരു നിൽപ്പുണ്ട്. അത് ഒരു സുഖമുള്ള അനുഭവമായിരുന്നു. ആ സുഖം അത് അനുഭവിച്ചവർക്കേ അത് മനസ്സിലാകുകയുള്ളു. അങ്ങനെ ഞങ്ങളുടെയെല്ലാം സ്വപ്നം സാക്ഷാത്കരിക്കപ്പെടുകയാണ്. വീട് പണി പൂർത്തിയായി. ആഗ്രഹിച്ചപോലെ തന്നെ ഐശ്വര്യമുള്ള ഒരു വീട്. എല്ലാവരേയും വിളിച്ച് വലിയ ആഘോഷമാക്കിയാണ് അന്ന് പുതിയ വീട്ടിലേയ്ക്ക് താമസം മാറിയത്. ഒരു സ്വർഗ്ഗം ഞങ്ങൾക്ക് മാത്രമായി കിട്ടിയ അനുഭൂതിയായിരുന്നു അത്. ആ വീട്ടിലായിരുന്നു ഞങ്ങൾ മൂന്നുപേരുടേയും വളർച്ച. ബാല്യത്തിൽ

നിന്ന് കൗമാരത്തിലേയ്ക്കും കൗമാരത്തിൽ നിന്ന് യൗവ്വനത്തിലേയ്ക്കും വളരെവേഗത്തിൽ ഞങ്ങൾ വളർന്നു.

ആ വീട്ടിൽ വച്ച് എൻെറ വിവാഹവും, ചേട്ട ൻെറ വിവാഹവും ഒക്കെ നടന്നു. ഇന്ന് ആ വീട്ടിൽ അച്ഛനും അമ്മയും മാത്രം. മക്കൾ മൂന്നുപേരും വിദേശങ്ങളിൽ. അവധിക്കാലത്ത് മൂന്നുപേരുടേയും കുടുംബങ്ങൾ ആ വീട്ടിൽ ഒത്തുചേരും. പിന്നെ ആകെ ബഹളമാണ്. അച്ഛൻെറ സ്നേഹവും അമ്മയുടെ വാത്സല്യവും ആവോളം നുകർന്ന്, അമ്മ ഉണ്ടാക്കി വിളമ്പി തരുന്ന ഭക്ഷണവും കഴിച്ച്, ആകെകിട്ടുന്ന ആ കുറച്ച് ദിവസം ഞങ്ങൾ ഒരു ഉത്സവമാക്കി മാറ്റാറുണ്ട്. എത്ര വർഷങ്ങൾ കടന്നുപോയാലും ഇന്നും എൻെറ വീട്ടിൽ പോകാൻ തയ്യാറെടുക്കുമ്പോൾ എനിക്ക് അളവറ്റ സന്തോഷമാണ് ഉണ്ടാകുന്നത്. ഇന്നത്തെ കുട്ടികൾക്ക് ഒരുപക്ഷെ ഇതൊന്നും അനുഭവിച്ചറിയാൻ കഴിയുകയില്ല, കാരണം വാടകവീട് അവർക്ക് ഒരു പുതിയ അനുഭവ മല്ലല്ലോ. അതിൽ ഒരു പുതുമയും അവർ കാണു ന്നില്ല. എനിക്ക് വീടിനെകുടിച്ച് ചിന്തിക്കുമ്പോൾ തോന്നുന്നത് മറ്റാർക്കും തോന്നണമെന്നൊന്നും ഇല്ലാ. എനിക്ക് സന്തോഷത്തിൻെറയും സ്നേഹ ത്തിൻെറയും ഒക്കെ നിറകുടമാണ് ''എൻെറ വീട്''.

# ജാലകം

## രഹ്ന മിനാജ്

അന്നു ഞാനിതുപോൽ നമ്ര ശിരസ്ക്കയായ്
നിന്നിരുന്നീ ജനാലയ്ക്കരുകിൽത്തന്നെ
മംഗല്യവതിയായ് പടിയിറങ്ങും മുൻപുമെൻ
തേങ്ങലൊതുങ്ങിയീ ജനലഴികളിൽ
ഉറ്റവരിൽ നിന്നും നിത്യമകന്നേതോ
ദിക്കിലേയ്ക്കന്നു ഞാൻ സഞ്ചരിച്ചു
സംവത്സരങ്ങൾ കഴിഞ്ഞു സമാനമായ്
ആടിത്തീർത്തു ഞാനോരോ ഭാവങ്ങളും
അന്നെൻെറ യമ്മ തൻ നിറകണ്ണിനാർദ്രത
യിന്നു ഞാനുൾക്കൊണ്ടു തളർന്നിടുന്നു
ഇന്നെൻെറ ഉണ്ണിയും കുടുംബവും പറക്കുന്നു
വിദേശ സമ്പത്ത് മോഹിച്ചകലങ്ങളിൽ
തടയാനെനിക്കാകില്ല, പിൻ വിളി പാടില്ല,
മൗനമായ് നൽകിയെൻ യാത്രാമൊഴി
ഇനിയെൻെറ കണ്ണീരൊഴുക്കാമീ ജനാലയിൽ
മുഖമമർത്താം, ജന്മ ഭാരം വിടാം.

# “ഗ്ലോബൽ” കുഞ്ഞുകൃഷ്ണനും “വേൾഡ്” പാറുക്കുട്ടിയും

## പത്മകുമാർ

കുഞ്ഞുകൃഷ്ണൻ ശീമക്കു പോയിട്ട് കാലം കുറേ കഴിഞ്ഞു.

പത്താം കളാസും ഗുസ്തിയും പിന്നെ കുറച്ചു ടൈപ്പും പഠിച്ച് എന്തു ചെയ്യേണ്ടു എന്നറിയാതെ നാട്ടിൽ തിണ്ണ നിരങ്ങുന്ന സമയം. ഒരു 5 കി.. മി. ചുറ്റളവിലെ എല്ലാ കുളക്കടവുകളും കുഞ്ഞു കൃഷ്ണൻ കാണാപാഠം പഠിച്ചു കഴിഞ്ഞ സമയം. പേറടിയന്തിരത്തിനും ചാവടിയന്തരത്തിനും കുഞ്ഞുകൃഷ്ണൻ ‘റെഡി’ പാലത്തറയിലെ പാവാടക്കാരികളെല്ലാം കുഞ്ഞുകൃഷ്ണൻെറ കുസൃതികൾ കൊണ്ടു മടുത്ത സമയം. കുഞ്ഞുകൃഷ്ണൻെറ പൊടിക്കൈകൾ നാട്ടിലെ നാരായണന്മാരുടെ കരൾ കലക്കിയ സമയം.

പെട്ടെന്നൊരു ദിവസം കുഞ്ഞുകൃഷ്ണൻെറ കുഞ്ഞമ്മാമ കുഞ്ഞുകൃഷ്ണനെ ശീമക്കു കൊണ്ടുപോയി.

കോണകത്തിനു മുകളിലെ ഒറ്റമുണ്ട് കാൾസറായിക്ക് വഴിമാറി. സ്വാദോടെ കഴിച്ചിരുന്ന കപ്പക്കും കഞ്ഞിക്കും പകരം ടോസ്റ്റ് ബ്രെഡും ഓറഞ്ച് ജ്യൂസും വന്നു. ഉപ്പുമാങ്ങ കടിച്ചീമ്പി കൈനക്കിയിരുന്ന കുഞ്ഞുകൃഷ്ണൻ ചിക്കൻ ‘65’ ഉം ഗ്രിൽഡ് ലാംബ് ചോപ്സും സ്പൂണും ഫോർക്കും ഉപയോഗിച്ച് മാന്തി തിന്നാൻ പഠിച്ചു. വായിലെ പച്ചമുളകിൻെറ എരിവ് കളയാനുപയോഗിച്ചിരുന്ന ‘അച്ചുവെല്ലം’ ‘ഫ്രൂട്ട് സാലഡി’നും ‘ആപ്പിൾ പൈക്കും’ വഴിമാറി.

അങ്ങിനെ കുഞ്ഞുകൃഷ്ണൻ മോഡേണായി. മലയാളം മറക്കാതെ ഇംഗ്ലീഷ് വാക്കുകൾക്കിടയിൽ ഒരു തടയായി വച്ച് നീള നീളം ഘോര ഘോരം പ്രസംഗിക്കാൻ പഠിച്ചു. ഇൻറർനെറ്റിലും ഈ - മെയിലിലും പണ്ട് ടൈപ്പ് പഠിച്ച കൈകൾ പറന്നപ്പോൾ കുഞ്ഞികൃഷ്ണൻെറ പ്രശസ്തി ലോകമെമ്പാടും പ്രചരിച്ചു. കുഞ്ഞികൃഷ്ണൻ അങ്ങിനെ ഗ്ലോബൽ കുഞ്ഞികൃഷ്ണനായി. നല്ല കനത്തിലും തടത്തിലും തുടുത്ത ഗ്ലോബൽ മലയാളി.

അച്ചുമാമൻെറ അസിസ്റ്റൻറായി, പിണറായിയുടെ പിണിയാളായി, ലീഡറുടെ ഡീലറായി, ഉമ്മച്ചൻെറ തൊമ്മച്ചനായി, അന്തോണിയുടെ ആണിയായി, നടേശൻെറ നടനായി നാറാപിള്ളയുടെ കുഞ്ഞുപിള്ളയായി, കുഞ്ഞ് അലിക്കുട്ടിയുടെ കുഞ്ഞു കോഴിക്കുട്ടിയായി. ബജാജ് പേയിക്ക് ബിലഹരിയും മനോമോഹനന് മനോരഞ്ജിനിയും പാടി. എല്ലാ നക്തഞ്ചര പ്രകൃതികൾക്കും സുസമ്മതനായി.

ഹിന്ദുക്കളിൽ "ഹിന്ദുത്വ"വും ക്രിസ്ത്യാനികളിൽ ‘നസ്രാണി’ത്ത്വവും മുസ്ലീങ്ങളിൽ ‘മേത്തത്ത്വ’വും വളർത്തി മതേതരത്ത്വത്തിൽ പോസ്റ്റ് ഗ്രാഡുവേറ്റ് ഡിപ്ലോമ നേടി.

ലോകത്തിലെ എല്ലാ മലയാളികളുടേയും ഉന്നമനത്തിനായി സംഘടനകൾ ഉണ്ടാക്കുകയും ഫണ്ടു പിരിവുകൾ നടത്തുകയും ചെയ്തു.

നാട്ടിലെ നാരായണന്മാർക്ക് കുഞ്ഞികൃഷ്ണൻ അഭിമതനും പാവാടക്കാരികൾക്ക് സ്വപ്ന നായകനും ആയി. സുന്ദരിക്കോതകളുടെ ‘മൂപ്പിൽസ്’മാർ കുഞ്ഞികൃഷ്ണനുവേണ്ടി കളം വരച്ചു, തലക്കുറി മാറി.

പേർഷ്യ പപ്പുണ്ണിയുടെ കന്നിപ്രയത്നം പാവാടക്കാരി പാറുക്കുട്ടിയുടെ രൂപത്തിൽ വളർന്നു, വികസിച്ച സമയമായിരുന്നു അത്. പ്രായം “അഠാരഹ്- ഉന്നീസ്സ്" പഞ്ചായത്തിലെ യക്ഷകിന്നര സിദ്ധചാരണ ഗന്ധർവ്വന്മാർക്കെല്ലാം പാറുക്കുട്ടി ഒരു മോഹമായി പെയ്തിറങ്ങിയ നേരം. സിരകളിൽ ഒരു ലഹരിയായി, മനസ്സിൽ ഒരു മണിനാഗമായി പറന്നു നടന്നു “പത്താം ക്ലാസ്സ് പഠിച്ചു പാസായ കുംബ്ലത്തെ പാറുക്കുട്ടി.”

ടി. വി. യിലെ ഫോൺ - ഇൻ പരിപാടിയിലൂടെ പാറുക്കുട്ടി പൊഴിക്കുന്ന മംഗ്ലീഷ് മധുര വാണികൾ കുഞ്ഞികൃഷ്ണൻെറ ഹൃദയത്തെയും മഥിക്കാൻ തുടങ്ങി.

തലേ നാളത്തെ പരിപാടിയുടെ പുനർ പ്രക്ഷേപണം രാവിലെ ഒന്നുകൂടി കണ്ടപ്പോൾ തന്നെ കുഞ്ഞികൃഷ്ണൻ തീരുമാനിച്ചു. ഇതുമതി!!

ത്രയംബകം വില്ലൊടിഞ്ഞു, ഫോണിൻെറ മണി കിലുങ്ങി. കുഞ്ഞികൃഷ്ണൻെറ തിരുമാനം അറിഞ്ഞ് പേർഷ്യ പപ്പുണ്ണി ആനന്ദാതിരേകത്തിൽ ആറാടി. പാറുക്കുട്ടി പറന്നാടി, പാടി, പിന്നെ വാടി, വീണ്ടും നിറഞ്ഞാടി.

സംഗതി ഗംഭീരമായി. ഒന്നരയും മുണ്ടും ഉടുത്ത മദാമ്മമാർ താലം പിടിച്ചു. ലൈനടിച്ച് ബില്ലെഴുതുന്ന ക്ലിൻറനും - വെടി പൊട്ടിച്ച് ജനത്തിനെ 'ബുഷി'ലേക്ക് വിടുന്ന ജോർജ്ജും അടക്കമുള്ള, മുപ്പത്തു മുക്കോടി ദേവകളും, ബിന്നിന് ലാടൻ അടിക്കുന്ന ചേട്ടനും, പുലിത്തോലുടുത്ത വേലുചേട്ടനും അടക്കമുള്ള രാക്ഷസപ്രകൃതികളും, ഡ്രസ്സ്കോഡ് അനുസരിച്ച് ഉടുപ്പിട്ട് നിരന്ന് ആശംസകൾ അർപ്പിച്ചു.

മൗറീഷ്യസിൻെറ മനോഹാരിതയിലും, ദുബായിയുടെ മാസ്മരിക പ്രഭാവത്തിലും മുങ്ങി മധുവിധു ഘോഷിച്ച ഗ്ലോബൽ ഫാമിലി സസുഖം നാളുകൾ നീക്കി.

മുണ്ടും നേര്യതും ഇട്ട പാറുക്കുട്ടി കുഞ്ഞുകൃഷ്ണൻെറ വാമഭാഗത്ത് വിളങ്ങുന്നത് ഗ്ലോബൽ പാർട്ടികളുടെ സ്ഥിരം കാഴ്ചയായി.

ആട്ടത്തിൻെറ ആദ്യപാഠം പോലും ആഭ്യസിക്കാത്ത പാറുക്കുട്ടിയുടെ "മോഹിനിചാട്ടവും" " തൈര് വാരി തിരകളിയും" ഗ്ലോബൽ മലയാളി ഒത്തുകൂടലുകളിൽ മലയാളിത്തം വിളമ്പി. പാവം ബാക്കി പ്രവാസി മലയാളികൾ ഇവയെല്ലാം വെള്ളം കൂട്ടാതെ വിഴുങ്ങി.

'ഗ്ലോബൽ കുഞ്ഞികൃഷ്ണൻ കീ ജയ്', 'ഗ്ലോബൽ പാറുക്കുട്ടി കീ ജയ്' വിളികൾ മുഴങ്ങി.

ഇത്തരുണത്തിൽ ഒരു നാൾ ഗ്ലോബൽ പാറുക്കുട്ടിയുടെ സുഷ്മ്നയുടെ തുമ്പത്ത് ഒരു സുഷിരം ഉണ്ടാവുകയും 'തദ്വാര' ഒരു വെളിച്ചത്തിൻെറ നേർരേഖ ഉള്ളിൽ നിന്നുത്ഗമിക്കുകയും ചെയ്തു. ഇന്നുമുതൽ എൻെറ അഡ്രസ്സ് മിസ്സിസ്. ഗ്ലോബൽ കുഞ്ഞികൃഷ്ണൻ എന്നല്ല ഞാൻ ഗ്ലോബൽ പാറുക്കുട്ടി. അത് പാറുക്കുട്ടിയുടെ ഭർത്താവ് കുഞ്ഞികൃഷ്ണൻ.

ഇതറിഞ്ഞ ഷിപ്രകോപിയായ കുഞ്ഞികൃഷ്ണൻെറ 'ഈഗോ' അലറി, 'ആരവിടെ'? ഇന്നുമുതൽ എൻെറ ഭാര്യ പാറുക്കുട്ടിയുടെ പരിപാടികൾക്ക് ഞാൻ 'ബാൻ' പ്രഖ്യാപിക്കുന്നു."അവളെ തൊടീച്ചാ പിന്നെ ഞമ്മ തൊടൂല്ല".

അങ്ങനെ മലയാളി പരിഷകൾ 'ഒന്നായ നിന്നെയിഹ രണ്ടെന്നു കണ്ടളവിലുണ്ടായൊരിണ്ടൽ ബത' ഉള്ളിലടക്കി.

താമസം വിനാ പാറുക്കുട്ടിയുടെ അറിയിപ്പു വന്നു. ഇനിമുതൽ ഞാൻ ജനകജയൻ പപ്പുണ്ണിയോടൊപ്പം വർത്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യും. അതിലേക്കായി ഇതാ ഞാൻ നിങ്ങൾക്കായി 'പ്രസൻറ്' ചെയ്യുന്നു. മറ്റൊരു മലയാളി കൂട്ടായ്മ.

ഇതിൻെറ അമരത്തിരുന്നതിനെ നയിക്കാൻ നിങ്ങളുടെ പ്രിയപ്പെട്ട പാറുക്കുട്ടി അനുസ്യൂതം പ്രവർത്തിക്കുകയും അതിലേക്കായി എൻെറ നാമം ഞാൻ എന്നെന്നേക്കുമായി 'വേൾഡ് പാറുക്കുട്ടി' എന്ന് മാറ്റിയതായി ഇതിനാൽ അറിയിക്കുകയും ചെയ്യുന്നു. എൻെറ ലക്ഷ്യം ഒന്നുമാത്രം. ഭൂമിയിലും ചന്ദ്രനിലും ചൊവ്വയിലും വസിക്കുന്ന എല്ലാ മലയാളികളുടേയും ഉന്നമനം.

ഉടനെ വന്നു കുഞ്ഞുകൃഷ്ണൻെറ "കൗണ്ടർ". "ഓള് മല്യാളിയല്ലാ, ഞാനാണ് യഥാർത്ഥ മലയാളി. എന്നോടൊപ്പം നിൽക്കൂ, മലയാളത്തിൻെറ ധാരാളിത്തം ആസ്വദിക്കൂ..."

ഈ യുദ്ധം ഇങ്ങനെ അനുസ്യൂതം തുടരവേ സാദാ പ്രവാസി മലയാളി മനസ്സിലോർത്തു... "കോയാ, ഞമ്മളിപ്പിതിലേതാ, ഗ്ലോബലാ, വേൾഡാ....."

ശുഭം

# അവളുടെ ഞായം

## ടി. ഒ. ശാരദ

കമ്മലുകളഴിച്ചു ഡ്രസ്സിങ്ങ് ടേബിളിൽ വെച്ച് ടൗവലുമെടുത്തു മാലിനി ബാത്ത്റൂമിലേക്ക് നടന്നു. മേൽകഴുകി തുടച്ചു വീണ്ടും റൂമിലേക്കു വന്നപ്പോൾ കിടക്കയിൽ ഭർത്താവ് കിടക്കുന്നു. മുഖത്തും കൈകളിലും നൈറ്റ്ക്രീം തടവി, മുടി കെട്ടഴിച്ച് നിവർത്തി അവൾ കട്ടിലിൽ ചെന്നിരുന്നു. ഉറക്കം വരാത്ത ഭർത്താവ്, ഗിരിധരൻ മാലിനിയെ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. അമ്പത്തഞ്ചു വയസ്സായ, കഷണ്ടികയറിയ ഗിരിധരൻ നാൽപ്പഞ്ചുവയസ്സായിട്ടും ഇരുപത്തഞ്ചു തോന്നാത്ത ഭാര്യയെ കൗതുകത്തോടെ നോക്കി.

"എന്തുമാത്രം സുന്ദരിയാണു നീ! നിനക്കു മാത്രം വയസ്സേ ആവൂലേ?"

പുഞ്ചിരിയോടെ മാലിനി ശശിധരൻെറ കവിളത്ത് തൊട്ടു.

"ഞാനൊന്നു ചോദിച്ചോട്ടെ? പലപ്പോഴും ചോദിക്കണമെന്നു വിചാരിച്ചതാ"

"അയ്യഡാ! വെറുതെയല്ലാ നിങ്ങളുടെ മുടി കൊട്ടുന്നത്. ദേ പറഞ്ഞേക്കാം. മനസ്സിൽ ഇങ്ങനെ അടച്ചു വെക്കരുതു. ചോദിക്കണം."

"ഓക്കെ. ഇഷ്ടപ്പെട്ടുതന്നെയാണോ നീയെന്നെ വിവാഹം ചെയ്തതു?"

മാലിനിയുടെ മുഖം ചെമ്പരുത്തി പ്പൂവായി. കണ്ണുകളിൽ ഗൗരവം കടന്നു.

"ഗിരിയേട്ടാ, ഇരുപത്തഞ്ചു കൊല്ലമായി നമ്മുടെ വിവാഹം കഴിഞ്ഞിട്ട്, എപ്പോഴെങ്കിലും നിങ്ങൾക്കു സംശയം തോന്നുന്ന വിധത്തിൽ ഞാൻ നടന്നിട്ടുണ്ടോ? രണ്ടു പെൺകുട്ടികളുടെ അച്ഛനായി. ഒരാൺകുട്ടിയുടെ മുത്തച്ഛനും ഇപ്പോ പോയി. ഇങ്ങിനെ..." അവൾ പരിഭവിച്ചു.

"ശരി, പോട്ടെ. ഇപ്പ ഞാൻ പറയുന്നതു കേൾക്കൂ. സേതുമാധവനും ഫാമിലിയും വരുന്ന ഓണത്തിന് നാട്ടിലേക്കു പോവ്വാണ്. ടിക്കറ്റ് എടുക്കട്ടെ, ഒപ്പം പോവാം."

മാലിനി നിശ്ശബ്ദയായി. നാട്ടിൽ നിന്നും മലേഷ്യയിലേക്കു വന്നു ഇരുപത്തഞ്ചു കൊല്ലങ്ങളായി. സാമ്പത്തിക ശേഷി ഉണ്ടായിട്ടും മാലിനി നാട്ടിൽ പോവുന്ന കാര്യത്തിൽ നിന്നും മാറി നിൽക്കും.

കണ്ണൂരിലെ ഒരു സാധാരണ കുടുംബത്തിൽ ജനിച്ചു, പഠിച്ചു വളർന്നു. ബിസിനസ്സ്കാരനും പണക്കാരനുമായ ഗിരിധരനെ വിവാഹം ചെയ്യേണ്ടിവന്നു. മനസ്സിൽ അച്ഛനോടു ഇന്നും വിരോധമാണ്. അച്ഛൻെറ അനന്തരവൻ രാമചന്ദ്രൻ മാലിനിയുടെ ബാല്യസഖാവായിരുന്നു. ഒരുമിച്ചു കളിച്ചും പഠിച്ചും വളർന്ന അവരെ ഒരുലക്ഷം രൂപ വേർപിരിച്ചു. മലേഷ്യയിൽ നിന്നും നാട്ടിലേക്കു ചുറ്റിനോക്കാൻ വന്ന അതേ നാട്ടിലെ ഒരു കുടുംബാംഗമായ ഗിരിധരൻ മാലിനിയെ കണ്ടു മോഹിച്ചു. ആരുമറിയാതെ മാലിനിയുടെ അച്ഛൻ ഗിരിധരൻെറ കയ്യിൽ നിന്നും ഒരു ലക്ഷം രൂപ വാങ്ങി. വിവാഹം നിശ്ചയിച്ചു. രാമച്ന്ദ്രനെ അച്ഛൻ മൗനിയാക്കി. ഒരു ചെറിയ എതിർപ്പുപോലും കാണിക്കാതെ മാലിനി വിവാഹത്തിനു സമ്മതിച്ചു.

മാലിനി വിവാഹം കഴിഞ്ഞ് മലേഷ്യയിൽ എത്തിച്ചേർന്നു. അച്ഛൻ രൂപ വാങ്ങി തന്നെ വിറ്റുവെന്ന വിചാരമാണ് അവളുടെ മനസ്സിൽ എന്ന് ശശിധരറിയാം.ജോഹോറിൽ ഗിരിധരന് സ്വന്തമായി ഒരു ബംഗ്ലാവുണ്ട്. മാലിനിക്കുവേണ്ടി എന്തും ചെയ്യുവാൻ ഗിരിധരൻ തയ്യാറാണ്. അവളും ഗിരിധരനോട് സ്നേഹത്തോടെ പെരുമാറി. അവളുടെ സൗന്ദര്യത്തിൻേറയും സ്നേഹത്തിൻേറയും മുൻപിൽ അയാൾ ഉരുകിപ്പോയിരുന്നു. രണ്ടു പെൺകുട്ടികളെ പ്രസവിച്ചു. നാട്ടിൽ നിന്നും കത്തു വരും. മാലിനി മറുപടി അയക്കില്ല. അതും ഗിരിധരൻ തന്നെ ചെയ്തു. പിന്നീട് ഫോണിൽ കൂടി വിളിക്കാൻ ആരംഭിച്ചപ്പോഴും മാലിനി ഒന്നും രണ്ടും വാക്കുകളിൽ സംഭാഷണം നിർത്തും. അമ്മയുടെ കരച്ചിലോ അനുജത്തിയുടെയും അനുജൻെറയും വർത്തമാനങ്ങളോ ഒന്നും മാലിനിയുടെ മനസ്സിൻെറ ഇളക്കിയില്ല..

"ഇക്കൊല്ലം നമുക്ക് നാട്ടിൽ പോവാം". ഗിരിധരൻ പറയും.

"ഇപ്പ വേണ്ട." അവൾക്കു എന്തെങ്കിലും ഒരു കാരണം പറയാനുണ്ടാവും. ഇപ്പോൾ മക്കളുടെ വിവാഹവും കഴിഞ്ഞു. മൂത്തമകൾ സുനിത ഒരു വയസ്സുള്ള ആൺകുട്ടിയുടെ അമ്മയാണ്.

കഴിഞ്ഞ കൊല്ലം അമ്മ മരണശയ്യയിലാണെന്നു ഫോൺ വന്നപ്പോൾ ഗിരിധരൻ ടിക്കറ്റു ബുക്ക് ചെയ്തു. പക്ഷെ രണ്ടു ദിവസം കഴിഞ്ഞു അമ്മ മരിച്ചുവെന്ന വിവരം വന്നു. മകൾ പ്രസവത്തിനായി ഹോസ്പ്പിറ്റലിൽ അഡ്മിറ്റ് ചെയ്ത സമയം. പോരാത്തതിനു സിസേറിയൻ കൂടി ആയപ്പോൾ അതും ഇല്ലാതായി.

ഗിരിധരൻ അച്ഛനു പലപ്പോഴും പണം അയച്ചു കൊടുക്കാറുള്ളത് അവൾക്കറിയാം. എതിർപ്പൊന്നും പറയാറില്ല. ബിസ്സിനസ്സ്കാരനായ ഗിരിധരൻ സമയം കിട്ടുമ്പോഴെല്ലാം ഭാര്യയേയും കൂട്ടി പല സ്ഥലങ്ങളിലും പോവും. മലേഷ്യമുഴുവനും അവൾ പോയി നോക്കി കഴിഞ്ഞു. മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും സിംഗപ്പൂർ പോയി വരാറുണ്ട്. പണത്തിനോ, ആഭരണങ്ങൾക്കോ, വസ്ത്രങ്ങൾക്കോ അവൾക്കു ഒരു കുറവും ഇല്ല.

"ഞാൻ ടിക്കറ്റ് ബുക്ക് ചെയ്യുവാൻ പോകുന്നു" ഗിരിധരൻ പറഞ്ഞു.

"ശരി, നമുക്കെല്ലാവർക്കും കൂടി പോയിവരാം."

"എനിക്കു പറ്റില്ല. നീ മക്കളേയും കൂട്ടിക്കൊണ്ടു പോയേച്ചു വാ."

"ഇപ്പോൾ സാധിക്കില്ലമ്മേ. അടുത്ത കൊല്ലമാവട്ടെ." മൂത്ത മകൾ പറഞ്ഞു.

സ്വിറ്റ്സർലാണ്ടിൽ നിന്നും ഹണിമൂൺ കഴിഞ്ഞ് രണ്ടാമത്തെ മകളും മരുമകനും ഇപ്പോൾ തിരിച്ചെത്തിയതേയുള്ളു.

"സേതുമാധവനും, ഭാര്യയും ഉണ്ടല്ലൊ. നീ പോയേച്ചുവാ എൻെറ പൊന്നെ. മാത്രമല്ല എൻെറ ആഗ്രഹവും നീ ഒന്നയ്ക്കു പോകണം എന്നതുതന്നെ. വിവാഹത്തിനു മുമ്പു ഞാൻ കണ്ട തൻേറടക്കാരിയായ മാലിനിയായി ഒരു കമ്മിറ്റ്മെൻറുമില്ലാതെ പോയിവാ. ഏതെങ്കിലും കൂട്ടുകാരെ വിളിക്കാൻ കഴിയുമോ എന്നു ശ്രമിക്കൂ. ആണോ പെണ്ണോ ഐ ഡൊൺ കേർ." ഗിരിധരൻ പിന്നെയും പറഞ്ഞു.

"എല്ലാ ഏർപ്പാടുകളും ഞാൻ ചെയ്യാം. രണ്ടു മാസം ഒരു ഫ്രീ ബേർഡ് ആയ്ക്കൂടെ നിനക്ക്? ഒരു വിരോധവും ഇത്രയും കാലം വെച്ചിരിക്കേണ്ട വല്ല ആവശ്യവുമുണ്ടോ നിനക്കു? നിൻെറ അച്ഛൻ നീ സുഖമായിരിക്കണമെന്നാഗ്രഹിച്ചു. അതിൻെറ കൂടെ കുറച്ചു ദുരാഗ്രഹവും എനിക്കേ അതേപ്പറ്റി ഒന്നും തോന്നിയിട്ടില്ല. പിന്നെ നീയെന്തിനാണ് വിഷമിക്കുന്നത്?
നിനക്ക് ഞാനുണ്ട് എപ്പോഴും. എനിക്ക് നീയും നിനക്ക് ഞാനും."

ഗിരിധരൻ തുടർന്നു പറഞ്ഞു

"എനിക്കും ഒരു ബിസ്സിനസ്സ് നോക്കേണ്ടതുണ്ട് ജപ്പാനിൽ. അതിനുള്ളിൽ ഞാനും പോയി വന്നേക്കാം. ഒറ്റക്കിരുന്ന് നീയിവിടെ ബോറടിക്കേണതില്ലല്ലോ. നിന്നെ വിട്ടു എനിക്കു പിരിഞ്ഞിരിക്കാൻ സാധിക്കില്ല. എന്നാലും ഈ ചാൻസ് നീ ഉപയോഗപ്പെടുത്തണം. നിൻെറ മനസ്സിൽ ഒരു ആഗ്രഹമോ ഒരു വേദനയോ ബാക്കിയാവരുത്. നീ തിരിച്ചുവരുമ്പോൾ നിറഞ്ഞ മനസ്സോടെ എനിക്കായി വരണം." ഗിരിധരൻെറ തൊണ്ട കുറേശ്ശെ ഇടറുന്നത് അവൾ ശ്രദ്ധിച്ചു.

മാലിനിയ്ക്ക് ശബ്ദം പുറത്തു വന്നില്ല. തൊണ്ടയ്ക്കുള്ളിൽ എന്തോ പോയി അടച്ചു.

"ഗിരിയേട്ടാ..." ഒരു തേങ്ങലോടെ അവൾ. അയാളുടെ കരവലയത്തിൽ ഒതുങ്ങി നിന്നു.

പാസ്പോർട്ടും, ടിക്കറ്റും ഡ്രാഫ്റ്റുകളും മാലിനിയുടെ കൈകളിൽ അയാൾ വെച്ചുകൊടുത്തു. കൊണ്ടുപോകാൻ നാലഞ്ചു സൂട്ട്കേയ്സ്സുകൾ. എല്ലാം ഗിരിധരൻെറ ചോയ്സ്സുകൾ.

"ഞാൻ വീട്ടിലേയ്ക്കു ഫോൺ ചെയ്തു. അവർക്കെല്ലാം ഒരേ സന്തോഷം. നിൻെറ ഹാൻഡ് ഫോണിൽ നിൻെറ വീട്ടു നമ്പർ, അനുജൻ, അനുജത്തി അത്യാവശ്യം മറ്റു നമ്പറുകളും എൻറർ ചെയ്തിട്ടുണ്ട്. നിൻെറ അനുജൻ ഏർപോർട്ടിൽ വരും നിന്നെ പിക്കപ്പ് ചെയ്യാൻ. നിന്നെ യാത്രയയച്ചിട്ടു ഈവനിങ്ങ് ഞാനും ജപ്പാനിലേയ്ക്കു പുറപ്പെടുകയാണ്. ഐ വിൽ കോണ്ടാക്ട് യു."

ഏർപോർട്ടിലേക്കു പുറപ്പെടുന്നതിന്നു ഒരു ദിവസം മുമ്പ് മാലിനി ആദ്യമായി അനുജത്തിക്കു ഫോൺ ചെയ്തു. മാലിനിയാണെന്ന് അറിഞ്ഞപ്പോൾ അനുജത്തി തേങ്ങി കരയുന്നതു അവൾ കേട്ടു.

"സുലോ, എനിക്കൊരു ഫെയ്വർ വേണം".

"പറയൂ മാലൂ."

"നീയെന്തു ചെയ്യുമോ എനിക്കറിയില്ല. ഏർപ്പോർട്ടിൽ അനുജനു പകരം ചന്ദ്രേട്ടൻ വരണം."

"മാലൂ..." അവളുടെ ശബ്ദം ഇടറിയോ എന്നു തീർച്ചയില്ല. കുറച്ചു സമയം കഴിഞ്ഞു അവൾ പറഞ്ഞു.

"ശരി, അങ്ങിനെ തന്നെ."

സ്ക്കൂൾ മാസ്റ്ററായ രാമചന്ദ്രൻ മാലിനിയുടെ ഇളയച്ഛൻെറ മകൾ ദേവുവെ വിവാഹം കഴിച്ചതും അവർക്കു കുട്ടികളുള്ളതും മാലിനിക്കറിയാം.

ഏർപ്പോർട്ടിൽ കൂടെ വന്ന ഭർത്താവിനോടും മക്കളോടും വിടപറഞ്ഞു ഫോർമാലിറ്റീസ്സെല്ലാം കഴിഞ്ഞു പ്ലെയിനിൽ കയറിയപ്പോൾ മാലിനിയുടെ മനസ്സ് അതിനേക്കാളും വേഗത്തിൽ ചിറകടിച്ചു പറക്കുകയായിരുന്നു. അടുത്തിരിക്കുന്ന മിസ്സിസ്സ് സേതുമാധവൻ പറയുന്നതെല്ലാം കേട്ടിരുന്നു. പക്ഷെ, തൻെറ വികാരങ്ങളെ നിയന്ത്രിക്കാൻ മാലിനി കുറേ പ്രയാസപ്പെട്ടു.

അനുജത്തി വാക് പാലിച്ചു. രാമചന്ദ്രൻ തന്നെയാണു മാലിനിയെ കൂട്ടിക്കൊണ്ടു പോകാൻ വന്നത്. സേതുമാധവനും ഭാര്യയും മൂന്നു ദിവസം കഴിഞ്ഞേ ചെന്നയിൽ നിന്നും എറണാകുളത്തേക്കു പോകുന്നുള്ളു. അവരോടു യാത്ര പറഞ്ഞു മാലിനിയും രാമചന്ദ്രനും അന്നു രാത്രിയുടെ എക്സ്പ്രസ്സ് ട്രെയിനിൽ പുറപ്പെട്ടു. കണ്ണൂരിലേക്ക് പത്തുപതിനാലു മണിക്കൂർ ഓട്ടം. സ്വന്തം സീറ്റുകളിൽ നേർക്കുനേർ ഇരുന്നു. മാലിനിയും രാമചന്ദ്രനും പരസ്പരം നോക്കി.

രാമചന്ദ്രൻെറ ചുണ്ടുകളിൽ ഒരു മന്ദഹാസം വിടരുന്നതു അവൾ കണ്ടു. "എനിക്കു തെറ്റിപ്പോയി. ഇരുപത്തഞ്ചു കൊല്ലം നിനക്കു ഒരു മാറ്റവും വരുത്തിയില്ലെ? രണ്ടു പെറ്റു എന്നതു കളവല്ലേ? ആരു നീ നിത്യസുന്ദരിയോ? ദേവതയോ?"

മാലിനി പൊട്ടിച്ചിരിച്ചു.

"എനിക്കും തെറ്റിപ്പോയി ചന്ദ്രേട്ടാ. തലയുയർത്തി, മാർവ്വിടം വിടർത്തി, ഉരുളഭൂമിയ തൻെറ കാലുകളാൽ പന്താടുന്ന ആ രാമചന്ദ്രൻ എവിടെ? ഞാൻ കാണുന്നതു ആ രാമചന്ദ്രൻെറ മങ്ങിയ നിഴൽ മാത്രമാണല്ലോ!"

രാമചന്ദ്രൻ ഒന്നും മിണ്ടിയില്ല. ഒരു ചെറിയ നിശബ്ദതയ്ക്ക് ശേഷം രാമചന്ദ്രൻ പറഞ്ഞു, "പ്രാരബ്ധം മാലിനീ. കുടുംബമായില്ലേ."

രണ്ടുപേരും മൗനം പാലിച്ചു. രാമചന്ദ്രൻ പതുക്കെ എഴുന്നേറ്റു മാലിനിയുടെ അരികിൽ പോയി ഇരുന്നു. വിറക്കുന്ന കൈകളാൽ അവളുടെ രണ്ടു കൈകളും പിടിച്ചു.

"എനിക്കു വയ്യ മാലിനീ.. വയ്യ... എല്ലാം മറക്കുവാൻ ഞാൻ വിവാഹം കഴിഞ്ഞു. പാവം ദേവു. ഞാൻ വെറുമൊരു മെഷീൻ. ഉയിരില്ലാത്ത യന്ത്രം. മരിക്കാനൊരുങ്ങിയതാണ്. ഭീരുവായ എനിയ്ക്കു അതിനും സാധ്യമായില്ല."

ഒരു ചെറു കുഞ്ഞിനെപ്പോലെ പൊട്ടിക്കരഞ്ഞുകൊണ്ടു രാമചന്ദ്രൻ അവളുടെ മടിയിൽ മുഖം പുതച്ചു. ഒരു നിമിഷം മാലിനി തരിച്ചു നിന്നു. കൂവി വിളിച്ചു ട്രെയിൻ ഓടിക്കൊണ്ടിരുന്നു. ഒടുവിൽ മനസ്സിനെ ദൃഢപ്പെടുത്തി അവൻെറ തലയിൽ തലോടി.

ഒരു താരാട്ടുപോലെ അവൾ പറഞ്ഞു.

"എണീറ്റിരിക്കൂ ചന്ദ്രേട്ടാ."

രാമചന്ദ്രൻ എഴുന്നേറ്റു. അവളുടെ അരികിൽ തന്നെ ഇരുന്നു.

"ചന്ദ്രേട്ടാ ഇപ്പോൾ ഞാൻ പറയുന്നതെല്ലാം മറുപടിയോ, എതിർപ്പോ ഇല്ലാതെ കേൾക്കണം."

ഗിരിയേട്ടൻെറ കൂടെപോകുമ്പോൾ ഞാനും ആലോചിച്ചിരുന്നു മരണത്തെക്കുറിച്ച്. പക്ഷെ, സ്നേഹിച്ചതല്ലായെ അവർ ചെയ്ത കുറ്റമെന്താണ്? എന്നിൽ ചന്ദ്രേട്ടനുണ്ട്; എൻെറ ഉയിരിൽ കലർന്ന്. പറയൂ ചന്ദ്രേട്ടനും അങ്ങിനെ തന്നെയല്ലെ?". മറുപടിക്ക് കാത്തിരിക്കാതെ അവൾ തുടർന്നു.

"പിന്നെ ശാരീരിക ബന്ധം! അതിൻെറ ആവശ്യം നമ്മൾക്കുണ്ടോ ചന്ദ്രേട്ടാ? ഞാൻ വന്നതു വേറൊരു ആവശ്യത്തിനാണ്. എനിക്കു ചന്ദ്രേട്ടൻെറ കൂടെ ഒന്നു ചുറ്റി നടക്കണം. രണ്ടേ രണ്ടു ദിവസം. ചന്ദ്രേട്ടന് ഓർമ്മയുണ്ടോ? കോളേജിൽ നിന്നും ഞാൻ ഓണലീവിന്ന് ട്രെയിനിൽ വരുമ്പോൾ, പാതിവഴിയിൽ നിന്നും എന്നെ ട്രെയിനിൽ നിന്നും ഇറക്കിക്കൂട്ടിക്കൊണ്ടു പോയില്ലേ? രണ്ടുദിവസം എവിടെയെല്ലാം ചുറ്റി തിരിഞ്ഞു വീട്ടിൽ എത്തിയപ്പോൾ അച്ഛൻെറയും അമ്മയുടേയും ചന്ദ്രേട്ടൻെറ അമ്മയുടേയും ശകാരവർഷം. എന്നിട്ടും ഒരു കൂസലുമില്ലാതെ എത്ര സന്തോഷത്തോടെയാണു നമ്മൾ ഓണം കൊണ്ടാടിയത്! അതുപോലെ ഒരിക്കൽ കൂടി. അതിന്നുശേഷം ഞാൻ വീട്ടിൽ പോയി എല്ലാവരേയും കാണാം. ഓണമാഘോഷിക്കാം. രണ്ടു മാസത്തിന്നുള്ളിൽ എനിക്കു മടങ്ങിപ്പോകണം. എന്നെ സ്നേഹിക്കുന്ന, എന്നെ ഇനിയും ആവശ്യമുള്ള ഒരു കുടുംബം എനിക്കുണ്ട്. അവിടേക്ക് എനിക്കു പോയേ പറ്റൂ. ചന്ദ്രേട്ടനും ചന്ദ്രേട്ടൻെറ ലോകത്തിലേക്കു തിരിച്ചു പോകണം. സ്നേഹിക്കുന്നവർക്കു വേണ്ടി ജീവിച്ചിരിക്കുന്നതോടെ വലിയ കർത്തവ്യവും ത്യാഗവും വേറെയില്ല. വരൂ, അടുത്ത സ്റ്റേഷനിൽ നമുക്കിറങ്ങാം. നിഷ്കളങ്കമായ, പവിത്രമായ നമ്മുടെ സ്നേഹത്തിൻെറ ഉന്നതങ്ങളിലേക്കു നമുക്കു പോയി വരാം. ആ ഓർമ്മകളോടെ ഞാൻ മടങ്ങി പോയ്ക്കോട്ടെ."

രാമചന്ദ്രൻെറ കണ്ണുകളിലെ തിളക്കം മാലിനി കണ്ടു. കൈകൾ കോർത്തു ട്രെയിൻ നിൽക്കുന്നതും കാത്തു അവർ നിന്നു.

# Engaging PIOs in India`s Development - Promoting investments in education, health and eradicating poverty through social entrepreneurship

## Dr V P Nair




Engaging PIOs in India`s Development: Plenary Session, keynote address at Pravasi Bharatiya Divas (PBD) 7-9 Jan 2007@ New Delhi Sunday 07-01-2007

*Dr. VP Nair, MBBS, MRCP, FRCPE, FRCPI, FRCGP, FRCP, FAMS, FICA, FACC., Consultant Cardiologist, Mount Elizabeth Medical Centre, Singapore.*

*President, Global Organisation of People of Indian Origin, Singapore. Dr Nair is also a Trustee of Singapore Malayalee Association. He has won the* ***Hind Rattan Award for outstanding services, achievements and contributions*** *by former Primer Minister of India in 2001.*

As an interventional cardiologist, exploring India is to me much like performing keyhole surgery in a patient who has consulted me for a life - saving cardiac condition.

Just as dilating a blocked coronary artery of the heart by a special high tech balloon called "Angioplasty" or putting a sophisticated slotted metal tube within the artery as a replica of scaffolding, known as "stent" in the diseased segment of the coronary artery under special technical guidance, require vigilant hand, brain and foot coordination, the subject of India and the Indian Diaspora are intricate and complex. As such, they require special knowledge, skills and manoeuvrability.

My report has in my humble opinion, an objective basis for decision-making - for health, longevity, employment, insurance, economic enhancement and above all, peace of mind. It is in this spirit that I present my paper entitled: *"Engaging PIOs in India's Development. Promoting investments in education and health and eradicating poverty through social entrepreneurship".*

Ram Kelkar, a Chicago-based investment professional and a Director of the IIT (Indian Institute of Technology) Bombay Heritage Fund wrote an article recently called: *"IITians, Do something for Indian Education."*

In his assessment, he states categorically that: "The state of the IITs and higher education in India in general is dismal". "One has to remember that by selecting youngsters from the top 3,000 to 4,000 rank holders in a nation of a billion, it is inevitable that IITians will do well, regardless of whether the IITs add any value or not. Indeed it does. But has the quality of research, the quantity of publications, and the depth of the faculty

With Best Compliments from

# NAIR CARDIAC AND MEDICAL CENTRE

**Facilities available :**

- Cardiac Diagnosis
- Echo
- ECG
- Treadmill Stress Test
- Coronary Angiogram (both femoral and radial approches)
- Angioplasty
- Coronary Stenting (bare metal and drug eluting)
- Pacemaker
- All types of blood and urine tests



***Dr V.P. Nair***

*Senior Consultant, Interventional Cardiologist*

MBBS, B Sc. MI Biol, MRCP (UK), MRCP (Ireland), FRCP (Edinburgh), FRCGP (UK), FRCP (Ireland), FAMS (Cardiology -Singapore), FICA (USA), FCCP (USA) FACC (USA), FRCP (London)

*With Best Wishes for a Happy & Prosperous Onam*




reached close to the calibre of the MITs (Massachusetts Institute of Technology) and Stanfords of the world? You just cannot do without IITians, who aim to transform India, and who have the whole world ahead of them. IITians can do wonders, having created a global brand".

Stringing together these headlines from rediff.com's coverage of **PanIIT 2006** is in sharp contrast to Deng Xiao Ping's dictum for China: 'Tao guang yang hui, which literally translates to 'Hide brightness, nourish obscurity.'

While IITians and Indians are busy doing victory laps, China and Chinese educational institutions have been going by the mantra of 'bide our time and focus on building ourselves'

Ram Kelkar rightfully goes on to argue that Indians and IITians should shun hubris which contrasts with the sharp focus of China, South Korea and other nations, who are spending less time on self-congratulation and focusing on building truly world-class universities. In fact, Indian culture teaches us to overcome "vasanas" or ego.

I must counter-balance the views of Ram Kelkar, by suggesting that there are adequate numbers of NRIs (non resident Indians) and PIOs (People of Indian Origin) all over the world who have a sense of moral commitment and responsibility to promote and enrich Indian education, health and research institutions.

Perhaps Singapore could be an interested party in investing in the Indian education sector. Singapore's Foreign Minister Mr George Yeo once told a press conference of how impressed he was when he met a top NRI in the US whose son had gained admission to all the Ivy League universities in the US but preferred for him to enroll in an IIT.

Obviously, IITs have an international brand name, but there are also many other Indian institutions that deserve investment funding to realize their true potential - the likes of Pune University, Delhi Engineering College, All India Institute of Medical Sciences Delhi, King George`s Medical College Lucknow, the newly highlighted but most ancient Nalanda University and dozens of other Indian universities and institutions.

Nalanda University in Patna is one of the first universities in the world, founded in the 5th century BC and reported to have been visited by Budha during his life time, by the Chinese scholar cum monk Xuanzang in the 7th Centuary AD and recently by Singapore ministers, among many others in the 21st Century.

To me the sequence appears to be this. People with vision create universities in a conducive environment. Over time, the universities become centers of excellence. Finally, the universities give birth to Microsofts, Citibanks, Sonys, Mercedes, Lexus, Infosys, Wipro Satyam, Yahoos and Googles. Miss any of the elements in the sequence, and you will not find any of these world-beaters that are constantly innovating, adding value and adding wealth, no matter how hard you search or how fervently you pray or wish for them.

On the flip side, in my view, there is also plenty of scope for the export of Indian education globally. It is an area that has the potential to take-off in a big way.

Indian school systems, teaching methods and teachers have a place on the bigger global stage, as education has universally

evolved as a commodity that fetches the best price for the best quality. Just like India surrendered Yoga to smart western entrepreneurs, we shouldn't lose out on the export of Indian education to others.

If we treat education with care, education will reward India in many indirect ways, including tourism, cultural understanding, political goodwill and direct economic benefits.

PIOs from USA have launched state-of-the-art Medical Schools in India. Foreign universities and hospitals including USA, Britain and Singapore have successfully implemented outsourcing facilities with Indian counterparts including medical reports and quick X-ray interpretations. Robotic surgery and stem cell research are other possibilities.

From education, I wish to move on to enterprise.

India is a lower income country according to the World Bank on the basis of Income. It is also one of the fastest growing economies in the world. Presently the Indian economy has become successful in keeping its external position very strong in the international market. Her rising infrastructure and cheaper manpower has attracted foreign investors to make more investments. And this economic growth has been and should be a leading determinant of poverty reduction. Clearly, policies that enhance overall economic growth will be key levers to improving the income of the poor in India and must go hand in hand with efforts for pure drinking water, waste management, sanitation, mosquito control and disease-control.

In many of these areas of social consciousness, there is a role for "social entrepreneurship". While investors may not reap the huge returns in the short-term, they are viable models for the longer term to uplift local communities. Rewards may not be financial returns, but very high on satisfaction and spiritual returns. If run well, they are more often profitable than not, though profit is secondary to the social entrepreneur.

As the cycle turns, social entrepreneurship will make education – and more importantly, higher education – affordable and accessible to the poor people of India. Likewise, healthcare and medical matters will become more affordable and accessible. And these will in turn boost self-esteem and aspiration - generating an upward spiral momentum for poor people in India – giving them the impetus to reach for the stars, and not just the movie stars. Such a scenario will concomitantly reduce – dramatically – the issues related to poverty.

In a highly competitive world, an India known for more than just Bollywood is important. An India contributing to the intellectual capital of the world will be more significant than a headcount of Indian billionaires featured in Forbes magazine. An India that is well, alive and dynamic will be a crucial counter-balance to the current geopolitics.

The promotion of Indian education and poverty eradication through investments, with investors expecting a return, go hand in glove, in my opinion - for the making of a better India.

Thank You.

# തനിയെ....



## നിതീഷ്

ഇരുൾവീഴും താഴ്‌വരയിൽ പനിവീണ വീഥിയിൽ
കുളിരേറും നിലാവിൽ ഞാനിന്നേകയായ്

ഓർമ്മകൾതൻ മൂടുപടം പുതച്ചുഞാൻ കുളിരകറ്റാനായ്
ദൂരെയെങ്ങോ നിശാഗന്ധി പൂത്തഗന്ധമെൻ
നാസ്വാരന്ധ്രങ്ങളിൽ നിറയവെ നേർത്ത തമസ്സിൻ
സഖിയായ് എന്നോർമകളിൽ ഊളിയിട്ടു പറക്കവെ....

തുഷാരരേണുക്കളിറ്റു വീഴുന്ന പുലരിതൻ നൈർമല്ല്യവും
പച്ചപട്ടുടുത്ത മലയോരവും കളകളം പാടുന്ന അരുവിയും
ദൂരെയാ ഗുരുകുലത്തി നങ്കണവുമതിലെ തുമ്പമരവും
നമ്മ നിറഞ്ഞൊരി പാരിൻ മുഖം എൻെറ ഗ്രാമം

കൗമാരത്തിൻ വർണ്ണങ്ങൾ നിറഞ്ഞൊരെൻ മനസ്സിൽ
ഒരുകൂടൊരുക്കി ഞാൻ പത്രിഷ്ഠിച്ചൊരാ മുഖം
പുസ്തകതാളിൽ വിടരുന്ന മയിൽപീലി പോൽ
എൻഅകതാരിൽ സൂക്ഷിച്ചു ഞാനെൻ തോഴനെ

അന്നൊരുപുലരിയിൽ എൻഹൃദയകവാടമവനുമുൻപിൽ
മലർക്കെതുറന്നു ഞാനൊരു താളിയോലയിൽ
എൻ ഹൃദയവീണയിൽനിന്നുതിർന്നോരാ നാദവും
എൻസ്വപ്നങ്ങളൊന്നാകെ ശ്രുതിയായ് മീട്ടി

വിടരാൻ വെമ്പിയൊരു പൂവിനെ നുള്ളിയെടുത്തപോൽ
മൃദുമന്ദഹാസമോടെൻ സ്വപ്നങ്ങളെ തച്ചുടച്ചുവെങ്കിലും
എൻമിഴികൾ നിലക്കാത്തൊരരുവിയായെങ്കിലും
എൻഹൃദയം എന്നുമവനായ് ഞാൻതുറന്നിട്ടു

കാലവും അതിലെ ദിനങ്ങളും പോയ്മറയവെ
കണ്ടുഞാനവനെ വീണ്ടുമൊരാരവത്തിനുള്ളിൽ
കലുഷിതമാം എൻ മനസ്സും നിറഞ്ഞമിഴികളും
അവൻെയൊ തൂമന്ദഹാസം പുൽകുവാൻ മടിച്ചു

ആ വദനത്തിൽ വിരിഞ്ഞൊരാ വികാരമെന്തെന്നു
ഞാനറിഞ്ഞില്ല അതോ അറിയാൻ ശ്രമിച്ചില്ല

രാവുകളോരോന്നായ് പുലരിയെ പുൽകിയെങ്കിലും
എൻഹൃദയകോവിലിൽ നിറംമങ്ങിയൊരു മുത്തുപോൽ
അവൻമുഖം ഞാൻ സൂക്ഷിച്ചുവെന്തിനോ
ഇന്നു ഞാനീ ആഴികൾക്കിപ്പുറം മറ്റേതോ ലോകത്തിൽ

ഈ മഞ്ഞണിഞ്ഞതാഴ്‌വരയിൽ എന്നോർമകൾ പുൽകവെ
അറിയാതെയെൻ ഹൃദയമൊരു മാത്ര തേങ്ങവെ
ഉതിർന്നൊരീ കണ്ണുനീരിനുള്ളിലും മന്ദഹസിച്ചു ഞാൻ
എന്നെതനിച്ചാക്കിയോരീ ലോകത്തെനോക്കി........

# Oh Mother Love

*Dannia Menon*
*Ngee Ann Polytechnic*

Oh mother love, the sweetest one
The most delicate and purest, you're the kindest of all.
You are more like paradise of heavens up above
Like the angels of our world, we recall.

You are so beautiful, more than our naked eyes could behold
So passionate and young, you're like a pot of gold
You swing me up high, so that I may touch the sky
I'll bring you back a star as bright as you shine
As playful as a kid as you can be sometimes, yet so wise and yet so nice
Let me keep looking let me keep smiling let me keep whispering my love to you oh thee'

Your love pours like the waterfall of this life you gave onto me
Like the bubbles in the water and the laughter's warm like spring
It is as if like it's running through a lake of beautiful memories
Of you holding my little finger of me taking my first steps to you
Let me hold onto you let me keep smiling let me keep whispering my love to you oh thee'

You exude so much of energy, sharing your warmth with me.
I look at you in quietude, admiring and wondering if I'll grow up to somebody like you
You're the only woman in my heart, so close so dear to me
You're the ocean of my thoughts, the freedom of my past
Everything that I am today, it because of you oh my mother dear

So dear mother love, oh! Mother of mine,
Let me close your eyes while I look at you,
Let me hug you so tight while I look at you
Let me beg for forgiveness while I look at you
Let me thank you for all of your patience while I look at you.

When you open your eyes, I want you to look at me.
I won't whisper it this time, I'll tell it out loud.
I want you to know, I want you to hear it clear
That I couldn't have asked for more for a better mother like you
Because you are my world, in my heart it's only you.

# Women's Health and Ayurveda

Dr Lakshmi J Nair



The body of a woman is wonderfully complex and delicate. And her multiple roles as the mother, daughter, wife, homemaker, wage earner etc is physically and mentally quite taxing. Ayurveda is a health care system sensitive to women's special health needs. Women are far more sensitive to the rhythms and cycles of nature and Ayurveda is founded on the principle of keeping the body well toned in tune with nature and naturally women find Ayurveda very suitable. Ayurveda has formulated tonics, healthcare supplements and such other health care products for prenatal, post natal and neonatal care and to ensure reproductive health. Effective herbal remedies are available for the problem of menopause and conditions such as pre-menstrual tension. Ayurvedic healthcare helps a lot for women to stop the aging process. Periodic rejuvenation therapy will keep health and beauty through out the years. This article deals with two of the common problems of women – arthritis and obesity and reproductive issues.

**Arthritis**

Arthritis is caused due to both internal and external factors. Arthritis is more common in windy, damp and stormy climates. It is related to weak digestion which causes the accumulation of toxins in the joints, and as we age our digestive power weakens. Poor colon function allows the toxins to accumulate and be reabsorbed back into the blood stream and settle in the joints where circulation is reduced. Eating incompatible food combinations, foods which create toxins, lack of exercise or exercising after eating fatty foods or poor digestion, produces ama (undigested food toxins). Ama associated with Vata (internal moving body air) quickly moves to different parts of the body and accumulates where circulation is sluggish or slow such as the elbow, knees ,hip and other joints filling the blood vessels with a waxy type material. It is also more common in old age when Vata naturally increases in the body. Meat diet, foods such as ice cream, too much concentrated dairy such as aged cheese or globs of sour cream or cheese with your meals, cold foods especially during cold weather which weaken the digestion, heavy cakes, pastries and candies, packaged and processed foods with little fiber

are the main dietary causes. Gas producing vegetables and legumes also create more internal air which pushes the toxins into the joints. This ama blocks tissue pores and passages. This causes heaviness and weakness of the heart

Internal and external treatments are effective for arthritis. Internally Kashayam (herbal decoctions) Ghritham (medicated ghee ) Arishtam (tonic) are used to clear the system. Externally, treatments like Lepanam, Elakizhi, Pizhichil Vasthi in joints etc can be given according to the condition. Medicated oil such as valiyanarayanam, kottamchukadi etc helps to loosen stiff joints, clears toxins, nourishes tissues, relieves pain, counteracts the aging process, beautifies the skin, improves blood circulation, regenerates the nerves. This oil should be applied daily by massaging it into the effected parts.

Elakizhi: This is a special technique done by Kerala Physicians. It is a process by which fomentation is done by using boluses of leaves and used in this process. Certain leaves having the Doshahara property (that which alleviates Vata, Pitta, Kapha) are fried together in neem oil / castor oil, until they attain deep brown colour, lemon pieces and coconut scrapes are also added to this mixture. These are then tied into a boluses of fried leaves are used in this process. These are again heated in warm fire and a gentle massage is given over the body. After about 45minutes massage the patient is given a bath in moderately warm water.

Pizhichil: It is one among the rare and special treatments of Kerala. In this treatment, lukewarm herbal oils are applied all over the body by two to four trained therapists in a special rhythmic way continuously for about 60 to 90 minutes per day for a period of 7 to 21 days. This treatment is done in a special table made from a single piece of Strychnos Nuxvomica wood. This treatment is very useful for Rheumatic diseases like arthritis, paralysis, hemiplegia, paralysis – agitanus, sexual weakness, nervous weakness and nervous disorders etc.

**Obesity and Uterine Problems**

